കോതമംഗലം രൂപത ബുള്ളറ്റിൻ

# ദൈവരാജ്യം

ആഗസ്റ്റ് 2020 വാല്യം 59 ലക്കം 8



**നിങ്ങൾ പരീക്ഷിക്കപ്പെടുമ്പോൾ പരിശുദ്ധ അമ്മയെ വിളിച്ച് അപേക്ഷിക്കുക, അവൾ നിങ്ങളെ സഹായിക്കും.**

**(വി. ജോൺ മരിയ വിയാനി)**



വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനി

വൈദികർക്കുവേണ്ടി പ്രാർത്ഥിക്കണമേ.

കോതമംഗലം രൂപത ബുള്ളറ്റിൻ

# ദൈവരാജ്യം

ആഗസ്റ്റ് 2020 വാല്യം 59 ലക്കം 8

## ഉള്ളടക്കം


5 പരിശുദ്ധ മറിയത്തിന്റെ സ്വർഗ്ഗാരോപണവും ഭാരതത്തിന്റെ സ്വാതന്ത്ര്യവും
9 2020 ആഗസ്റ്റ് 9 ഞായർ തടവറ പ്രേഷിതദിനം
14 ജസ്റ്റീസ് സൺഡേ (നീതി ഞായർ) 2020 ആഗസ്റ്റ് 16, ഞായർ
17 രൂപതക്കച്ചേരി
18 മൈനർ സെമിനാരി
19 വിജ്ഞാനഭവൻ
20 കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി
23 സോഷ്യൽ സർവീസ്
39 തിരുബാലസഖ്യം
26 ചെറുപുഷ്പ മിഷൻലീഗ്
28 കെ.സി.എസ്.എൽ.
29 മാതൃവേദി
30 ഡി.എഫ്.സി.
31 യുവദീപ്തി
33 ജീസസ് യൂത്ത്
34 കത്തോലിക്കാകോൺഗ്രസ്
36 അല്മായ ഫ്രാൻസിസ്കൻ സഭ
37 പ്രാർത്ഥനാഗ്രൂപ്പ്
37 കേരള ലേബർ മൂവ്മെന്റ്
40 തിരുനാൾ മംഗളങ്ങൾ
40 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
41 നിര്യാതരായി





**Patron**

MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**

REV. FR. JOSE PULLOPPILLIL

**Printer & Publisher**

REV. DR. GEORGE THEKKEKARA

The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
✆ 8281946306 ✉ bishophouseklm@gmail.com

## പള്ളിയിൽ അറിയിക്കുവാൻ

### ആഗസ്റ്റ്

Page 5 പരിശുദ്ധ മറിയത്തിന്റെ സ്വർഗ്ഗാരോപണവും ഭാരതത്തിന്റെ സ്വാതന്ത്ര്യവും

Page 9 2020 ആഗസ്റ്റ് 9 ഞായർ, തടവറ പ്രേഷിതദിനം

Page 14 ജസ്റ്റീസ് സൺഡേ (നീതി ഞായർ) 2020 ആഗസ്റ്റ് 16, ഞായർ

## തിരുനാളുകൾ



**1** വി. അൽഫോൻസ് ലിഗോരി



**4** വി. ജോൺ മരിയ വിയാനി



**6** നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം




**8** വി. ഡൊമിനിക്



**11** വി. ക്ലാര



**14** വി. മാക്സിമില്യൻ കോൾബെ



**15** പ. ക. മറിയത്തിന്റെ സ്വർഗ്ഗാരോപണം



**21** വി. പത്താം പീയൂസ് മാർപാപ്പ




**24** വി. ബർത്തലോമിയോ




**28** വി. അഗസ്റ്റിൻ



**29** വി. എവുപ്രാസ്യ

# പരിശുദ്ധ മറിയത്തിന്റെ സ്വർഗ്ഗാരോപണവും ഭാരതത്തിന്റെ സ്വാതന്ത്ര്യവും

ദൈവകൃപയാൽ
കോതമംഗലം രൂപതയുടെ മെത്രാനായ

**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**

നമ്മുടെ രൂപതയിലെ വൈദികസഹോദരന്മാർക്കും
സന്യാസിനീസന്യാസികൾക്കും
അല്മായ വിശ്വാസികൾക്കും എഴുതുന്നത്

വന്ദ്യസഹോദരരേ, പ്രിയ മക്കളേ,

ഭാരതീയ ക്രൈസ്തവരായ നമ്മെ സംബന്ധിച്ച് രണ്ട് സ്വാതന്ത്ര്യചിന്തകൾ ഒരുമിക്കുന്ന അനുഗൃഹീതദിനമാണ് ആഗസ്റ്റ് 15. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയം സ്വർഗ്ഗീയ സ്വാതന്ത്ര്യത്തിലേക്ക് പ്രവേശിച്ചതിന്റെയും നമ്മുടെ മാതൃരാജ്യം വൈദേശികാധിപത്യത്തിൽ നിന്ന് സ്വതന്ത്രമായതിന്റെയും അനുസ്മരണദിനമാണിത്. സ്വാതന്ത്ര്യം എന്ന മഹത്തായ ദർശനം വിചിന്തനത്തിന് വിഷയമാക്കേണ്ട കാലമാണല്ലോ.

സ്വാതന്ത്ര്യത്തിന്റെ ആത്മീയതലം ആഴത്തിൽ ചിന്തിക്കുമ്പോൾ ഈശോ സ്വാതന്ത്ര്യത്തിന് നൽകുന്ന നിർവചനം പ്രസക്തമാണ്. സത്യവുമായി ബന്ധപ്പെടുത്തിയാണിത്. വി. യോഹന്നാന്റെ സുവിശേഷം 8-ാം അധ്യായം 32-ാം വചനം ഇപ്രകാരമാണ് "നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും." വഴിയും സത്യവും ജീവനുമായ ഈശോമിശിഹായെ വിശ്വാസപൂർവം ഹൃദയത്തിൽ സ്വീകരിക്കുമ്പോൾ പാപത്തിന്റെ അടിമത്തത്തിൽ നിന്ന് നാം മോചിതരാവുകയും സ്വർഗ്ഗീയ സ്വാതന്ത്ര്യത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു.

ഈശോമിശിഹായിലുള്ള സ്വാതന്ത്ര്യമെന്നാൽ പാപത്തിൽ നിന്നും തിന്മയുടെ ശക്തികളിൽ നിന്നുമുള്ള മോചനം തന്നെയാണ്. സ്വാതന്ത്ര്യം എന്നാൽ എന്തും ചെയ്യാനുള്ള അവകാശമല്ലെന്നും ഉത്തരവാദിത്വങ്ങളെ സഹജീവിസ്നേഹത്തോടും മഹാമനസ്കതയോടും

കൂടി നിറവേറ്റുന്നതാണെന്നും നാം മനസ്സിലാക്കണം. പഴയനിയമത്തിൽ ഇസ്രായേൽ ജനം ഈജിപ്തിന്റെ അടിമത്തത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിക്കാനായി ആഗ്രഹിക്കുന്നത് നാം കാണുന്നുണ്ട്. തന്റെ സ്വന്തം ജനമായ ഇസ്രായേലിന് സ്വാതന്ത്ര്യം നൽകുവാൻ വിവിധ മഹാമാരി കളിലൂടെ ശക്തി വെളിപ്പെടുത്തിയ ദൈവം, തന്റെ ജനത്തിന്റെ സന്ത തസഹചാരിയായി കൂടെയുണ്ടായിരുന്നു. പകൽ തണലേകാൻ മേഘ വിരിപ്പായും രാത്രി വഴികാട്ടാൻ അഗ്നിസ്തംഭമായും അവിടുന്ന് മുമ്പേ പോയി. അത്ഭുതകരമായി ചെങ്കടൽ വിഭജിച്ച് കാനാൻ ദേശത്തിന്റെ സ്വാതന്ത്ര്യത്തിലേക്ക് അവിടുന്ന് അവരെ ആനയിച്ചു. സ്വാതന്ത്ര്യത്തി ലേക്കുള്ള ഇസ്രായേൽ ജനത്തിന്റെ യാത്രയിൽ ഒട്ടേറെ പ്രതിസന്ധി കളും ബുദ്ധിമുട്ടുകളും ഉണ്ടായി. എന്നാൽ ദൈവത്തിൽ ആശ്രയിച്ചും നേതൃത്വത്തെ അംഗീകരിച്ചും മുന്നോട്ട് പോയപ്പോൾ സമൃദ്ധിയുടെ കാനാൻ ദേശം അവർക്ക് സ്വന്തമായി. സ്വാതന്ത്ര്യത്തിന്റെ വെള്ളിവെ ളിച്ചം ദർശിക്കണമെങ്കിൽ സഹനത്തിന്റെ വഴികൾ സമചിത്തതയോടെ നേരിടേണ്ടത് അനിവാര്യമാണ് എന്ന സത്യം നാം മനസ്സിലാക്കണം.

സ്വർഗീയ സ്വാതന്ത്ര്യം അനുഭവിച്ച പരിശുദ്ധ അമ്മ നമുക്ക് ഉത്തമ മാതൃകയാണ്. ജീവിതത്തിലെ തെറ്റിദ്ധാരണകളെ, ദുഃഖങ്ങളെ, സഹ നനിമിഷങ്ങളെ പരിശുദ്ധ അമ്മ നേരിട്ട ശൈലി നമുക്ക് പ്രചോദനമാ കണം. അനുദിന ജീവിതത്തിലെ പ്രതിസന്ധി ഘട്ടങ്ങളിൽ ദൈവ ത്തോട് ചേർന്നുനിന്ന് ജീവിക്കാനായാൽ അത് ആത്മീയ സ്വാതന്ത്ര്യ ത്തിന് കാരണമാകും. വി. യാക്കോബ് ശ്ലീഹായുടെ ലേഖനം 4-ാം അധ്യായം 8-ാം വചനം ശ്രദ്ധേയമാണ്. "ദൈവത്തോട് ചേർന്ന് നിൽക്കുക; അവിടുന്ന് നിങ്ങളോടും ചേർന്ന് നിൽക്കും."

പരിശുദ്ധ അമ്മ ദൈവപുത്രനായ ഈശോയോട് ചേർന്നുനിന്ന് മുന്നോട്ട് പോയതുകൊണ്ടാണ് അമ്മയുടെ മാദ്ധ്യസ്ഥ്യം വളരെ ശക്തി യുള്ളതായിത്തീരുന്നത്. കാൽവരിയിലെ കുരിശുമരണസമയത്ത് ഈശോ തന്റെ അമ്മയെ യോഹന്നാന് ഭരമേല്പിക്കുന്നുണ്ട്. അതു വഴി മറിയം മനുഷ്യകുലത്തിന്റെ മുഴുവൻ അമ്മയായിത്തീർന്നു. ഇന്ന് ഈ അമ്മയുടെ സാന്നിദ്ധ്യം സജീവമായി സന്നിഹിതമാകുന്നത് സഭ യിലാണ്. നമ്മെ ശക്തിപ്പെടുത്തുവാനും, ആത്മവിശ്വാസം നൽകാനും

പരിശുദ്ധ അമ്മ കൂടെയുണ്ട് എന്ന വിശ്വാസം നമ്മെ കൂടുതൽ ശക്തിപ്പെടുത്തുന്നു.

സ്വർഗ്ഗാരോപിതയായ അമ്മ നമ്മെയും സ്വർഗ്ഗത്തിന് അർഹരാക്കിത്തീർക്കുന്നു. "അവൻ നിങ്ങളോട് പറയുന്നത് ചെയ്യുവിൻ" എന്ന പരിശുദ്ധ അമ്മയുടെ നിർദ്ദേശം എന്നും നമ്മുടെ മനസ്സിൽ ഉണ്ടാകണം. ഈശോയുടെ ഹിതമനുസരിച്ച് ജീവിക്കുകയും, പ്രവർത്തിക്കുകയും ചെയ്താൽ മാത്രമേ നമ്മുടെ യഥാർത്ഥ ലക്ഷ്യസ്ഥാനമായ നിത്യജീവനിൽ നമുക്ക് എത്തിച്ചേരാൻ സാധിക്കുകയുള്ളൂ. നമുക്ക് മുമ്പേ സ്വർഗത്തിലെത്തിയ പരിശുദ്ധ അമ്മ നമ്മെയും ക്ഷണിക്കുന്നുണ്ട്. ഈ ലോകത്തിൽ നമ്മുടെ ജീവിതാന്തസ്സിനടുത്ത ദൗത്യങ്ങൾ ആത്മാർത്ഥതയോടും വിശ്വസ്തതയോടും കൂടി നിർവഹിച്ച് സ്വർഗ്ഗം ലക്ഷ്യമാക്കിയുള്ള തീർത്ഥയാത്ര നമുക്ക് തുടരാം.

ഈ ലോകത്തിന്റെ ക്ഷണികതയും നശ്വരതയും നന്നായി മനസ്സിലാക്കുന്ന കാലമാണല്ലോ ഇത്. സ്വാതന്ത്ര്യലബ്ധിക്ക് മുൻപോ ശേഷമോ നമ്മുടെ നാട് ഇതുപോലെയൊരു പ്രതിസന്ധിയെ നേരിട്ടിട്ടില്ല. മാനുഷികനേട്ടങ്ങളും ശാസ്ത്രസാങ്കേതിക കണ്ടുപിടുത്തങ്ങളും അക്ഷരാർത്ഥത്തിൽ നിഷ്പ്രഭമാകുന്ന സാഹചര്യം അനുദിനമെന്നോണം നാം കാണുന്നുണ്ട്. ദൈവത്തിങ്കലേക്ക് അടുക്കുക, ദൈവത്തിൽ കൂടുതൽ ആശ്രയം വയ്ക്കുക എന്നത് മാത്രമേ ഈ പ്രതിസന്ധിയെ മറികടക്കാനുള്ള ശാശ്വത പരിഹാരമായുള്ളൂ എന്ന് എല്ലാവരും മനസ്സിലാക്കുന്നു. കൊവിഡ് 19 മൂലമുണ്ടായിരിക്കുന്ന ആത്മീയവും സാമൂഹ്യവും സാമ്പത്തികവുമായ പ്രതിസന്ധിയിൽ നിന്ന് സ്വാതന്ത്ര്യം നേടാനുള്ള പരിശ്രമത്തിൽ ദൈവകരുണയിൽ ആശ്രയിച്ച് നമുക്ക് മുന്നോട്ട് പോകാം.

സ്വാതന്ത്ര്യം നേടി എന്ന് അഭിമാനിക്കുമ്പോഴും ഒട്ടനവധി മേഖലകളിൽ ഇനിയും സ്വാതന്ത്ര്യവും സന്തോഷവും നമുക്ക് ലഭിക്കേണ്ടതായിട്ടുണ്ട്. സാമൂഹ്യ, സാമ്പത്തിക മേഖലകളിൽ കടുത്ത പ്രതിസന്ധികളിലൂടെ കടന്ന് പോകുന്ന ജനങ്ങളെ വേണ്ടവിധം പരിഗണിക്കാനും, ആവശ്യമായ പിന്തുണ നൽകാനും നമ്മുടെ ജനാധിപത്യ സംവി

ധാനങ്ങൾ എപ്രകാരം ക്രിയാത്മകമായി പ്രവർത്തിക്കുന്നുണ്ടെന്ന് പരിശോധിക്കേണ്ടതുണ്ട്. അഴിമതിയും അനീതിയും സ്വജനപക്ഷപാതവും അനുദിനം വർദ്ധിക്കുന്ന സാഹചര്യമാണുള്ളത്. മതവർഗീയ ചിന്തകളും, സങ്കുചിത മനോഭാവങ്ങളോടെ പെരുമാറുന്നവരുടെ പ്രതികരണങ്ങളും, നിലപാടുകളും സംസ്കാര സമ്പന്നമായ നമ്മുടെ നാടിന്റെ നന്മയെ കെടുത്തിക്കളയുന്നതാണ്.

ഇന്ന് നാം നേരിടുന്ന ബുദ്ധിമുട്ടുകളും പ്രതിസന്ധികളും കടന്നുപോകും, യഥാർത്ഥസ്വാതന്ത്ര്യത്തിന്റെ നന്മ നമ്മുടെ നാട്ടിൽ നിറയും. ദൈവപരിപാലനയിൽ ആശ്രയിച്ചും പരസ്പരം സ്നേഹിച്ചും പരിഗണിച്ചും മുന്നോട്ട് നീങ്ങുന്ന സ്വർഗ്ഗസമാനമായ നല്ല നാട് എന്ന സ്വപ്നം നമുക്ക് മനസ്സിൽ സൂക്ഷിക്കാം, അതിനായി പ്രാർത്ഥിക്കാം.

നമ്മുടെ വ്യക്തിജീവിതങ്ങളെയും കുടുംബങ്ങളെയും വളരെ സവിശേഷമായി പകർച്ചവ്യാധിയുടെ വ്യാപനം മൂലം കടുത്ത ഭീതിയിലൂടെ കടന്നുപോകുന്ന എല്ലാവരെയും സ്വർഗ്ഗാരോപിതയായ പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥതയിൽ ഈശോയ്ക്ക് സമർപ്പിക്കാം.

കുടുംബങ്ങളുടെ സംരക്ഷകയും മാതാവുമായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിന് നിങ്ങളെ സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും ✠ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

എന്ന്,

കോതമംഗലം മെത്രാസനമന്ദിരത്തിൽ നിന്ന്

**മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**

കോതമംഗലം രൂപതാദ്ധ്യക്ഷൻ

Ref: 3334/K-5/KCBC/OL/DS 27.07.2020

# 2020 ആഗസ്റ്റ് 9 ഞായർ
# തടവറ പ്രേഷിതദിനം

## ജീസസ് ഫ്രട്ടേണിറ്റിക്കുവേണ്ടി കെസിബിസി ജസ്റ്റിസ് പീസ് ആന്റ് ഡെവലപ്പ്മെന്റ് കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളും ഒന്നിച്ചുവരുന്ന ഓഗസ്റ്റ് 15 ഭാരതത്തിലെ കത്തോലിക്കാസമൂഹത്തിന് സുപ്രധാനദിനമാണ്. സമാഗതമാകുന്ന ഈ അനുഗൃഹീതദിനത്തിന്റെ മംഗളങ്ങൾ ഏവർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ നാമെല്ലാം ഒരർത്ഥത്തിൽ പരിമിതികളുടെയും ആശങ്കകളുടെയും തടവറയിലാണ്. തടവറയിൽ കഴിയുന്ന സഹോദരങ്ങളെ കാരുണ്യപൂർവ്വം ഓർമ്മിക്കാൻ ഈ നാളുകൾ നമ്മെ സഹായിക്കുന്നുണ്ട്.

2020 ആഗസ്റ്റ് മാസം 9-ാം തീയതി ഞായറാഴ്ച കേരള കത്തോലിക്കാസഭ തടവറ പ്രേഷിതദിനമായി ആചരിക്കുകയാണ്. സഹതടവുകാരനുവേണ്ടി സ്വജീവൻ ബലിയർപ്പിക്കാൻ മുന്നോട്ട് വന്ന വിശുദ്ധ മാക്സ്മില്യൺ മരിയ കോൾബെയാണ് തടവറ പ്രേഷിത പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥൻ. ഈ വിശുദ്ധന്റെ തിരുനാൾ ദിനമായ ആഗസ്റ്റ് 14- ന് മുൻപു വരുന്ന ഞായറാഴ്ചയാണ് തടവറ പ്രേഷിതദിനമായി ഭാരതസഭ ആചരിക്കുന്നത്. മാതൃഭക്തി പ്രചരിപ്പിക്കാൻ ഈ വിശുദ്ധൻ കേരളം സന്ദർശിച്ച് എറണാകുളം, വരാപ്പുഴ രൂപതകളിൽ അഭിവന്ദ്യ പിതാക്കന്മാരുടെ അതിഥിയായി താമസിച്ചിരുന്നുവെന്നത് ഈ വിശുദ്ധനെ കേരളത്തിന് കൂടുതൽ പ്രിയപ്പെട്ടവനാക്കുന്നു. ബന്ധനങ്ങളിൽ കഴിയുന്ന ആളുകളോടും അവരുടെ ക്ലേശിക്കുന്ന കുടുംബാംഗങ്ങളോടും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ കുടുംബങ്ങളോടും ക്രൈസ്തവർക്ക് ഉണ്ടായിരിക്കേണ്ട കടമകളെക്കുറിച്ച് ചിന്തിക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും നമ്മെ ഓരോരുത്തരെയും സജ്ജരാക്കുക എന്നതാണ് ഈ ദിനാചരണം ലക്ഷ്യമാക്കുന്നത്.

ഫ്രാൻസിസ് മാർപാപ്പ 2019 നവംബർ 7, 8 തീയതികളിൽ

ലോകത്ത് എല്ലായിടത്തുമുള്ള തടവറ ചാപ്ലെയിൻമാർക്കുവേണ്ടി ഒരു അന്താരാഷ്ട്ര കോൺഗ്രസ്സ് നടത്തുകയുണ്ടായി. മനുഷ്യരുടെ സമഗ്ര വികസനവും കത്തോലിക്കരുടെ തടവറ അജപാലനശുശ്രൂഷയും സംബന്ധിച്ച കോൺഫ്രൻസ് ആയിരുന്നു അത്. ഫ്രാൻസിസ് മാർപാപ്പാ ഈ കോൺഫ്രൻസിൽ വച്ച് തടവുകാർക്ക് ശുശ്രൂഷ ചെയ്യുന്നവർ അവരുടെ വീക്ഷണവും സമീപനവും വ്യത്യാസപ്പെടുത്തണമെന്ന് നിഷ്കർഷിച്ചു. നവീകരണവും വികസനവും മനുഷ്യരുടെ സമഗ്രമായ വളർച്ചയ്ക്ക് കൂടുതൽ നല്ല അവസരങ്ങൾ നൽകുന്നതായിരിക്കണമെന്ന് മാർപാപ്പ ഓർമപ്പെടുത്തി. മനുഷ്യവ്യക്തിയുടെ ദൈവികമായ മഹത്വം സംരക്ഷിക്കപ്പെടുവാനുള്ള അവകാശം നിഷേധിക്കപ്പെട്ടാൽ തടവറസഹോദരങ്ങൾ വീണ്ടും അക്രമം, സുരക്ഷിതത്വമില്ലായ്മ, നിരാശ എന്നിവയിൽ ചെന്നുവീഴും. തിന്മ ചെയ്തതിനുള്ള ശിക്ഷ അനുഭവിച്ചു കഴിഞ്ഞവരെ വീണ്ടും തള്ളിക്കളയുമ്പോൾ അവർ പഴയ തെറ്റുകൾ ആവർത്തിക്കുകയും വീണ്ടും ജയിലിൽ അടയ്ക്കപ്പെടുകയും ചെയ്യുന്നു.

തടവറയിൽ കഴിയുന്നവരെ നവീകരിക്കാനും അവർക്ക് പൂർണ്ണത വരുത്താനുമുള്ള മാർപാപ്പയുടെ ആഹ്വാനത്തെ അടിസ്ഥാനപ്പെടുത്തി തടവറ പ്രേഷിത കൂട്ടായ്മ ഈ വർഷത്തെ തടവറ പ്രേഷിതദിനത്തിൽ "പരിഷ്ക്കരണത്തിലൂടെ ഏകീകരണത്തിലേക്ക്" എന്ന ചിന്താവിഷയമാണ് പരിഗണിച്ചിരിക്കുന്നത്. ആരംഭത്തിൽതന്നെ, ഈശോയുടെ പ്രബോധനങ്ങളിൽ വളരെ ശ്രദ്ധേയമായ ഒരെണ്ണം ഓർമ്മയിൽ കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നു. "നീ പ്രതിയോഗിയോടു വഴിക്കുവച്ചു തന്നെ വേഗം രമ്യതപ്പെട്ടുകൊള്ളുക. അല്ലെങ്കിൽ പ്രതിയോഗി നിന്നെ ന്യായാധിപനും ന്യായാധിപൻ സേവകനും ഏൽപിച്ചു കൊടുക്കും. അങ്ങനെ നീ കാരാഗൃഹത്തിൽ അടയ്ക്കപ്പെടും. അവസാനത്തെ ചില്ലിക്കാശും കൊടുത്തു വീട്ടുവോളം നീ അവിടെനിന്നു പുറത്തു വരുകയില്ലെന്നു സത്യമായി ഞാൻ നിന്നോടു പറയുന്നു"(മത്താ 5:25-26). തടവറയിലേക്ക് പോകാതിരിക്കുന്നതാണ് കൂടുതൽ നല്ലതെന്ന് അനേകരുടെ അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. രോഗശമനത്തെക്കാൾ പ്രതിരോധമാണല്ലോ ശ്രേഷ്ഠം.

തടവറ പ്രേഷിത പ്രവർത്തനങ്ങളുടെ പരമപ്രധാനമായ ധർമ്മം തടവറയിൽ കഴിയുന്നവരെ അനുതാപത്തിലേക്കും അനുരഞ്ജനത്തിലേക്കും വ്യക്തിത്വരൂപീകരണത്തിലേക്കും നയിക്കുക എന്നതാണ്. നമുക്ക് അറിയാവുന്നതു പോലെ ഈശോയുടെ ഏറ്റവും മൗലികമായ

പ്രബോധനം മാനസാന്തരപ്പെടുവാനുള്ള ആഹ്വാനമാണ്. "മാനസാന്തരപ്പെടുവിൻ സ്വർഗ്ഗരാജ്യം സമീപസ്ഥമായിരിക്കുന്നു" (മത്താ. 3:2). "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല" (മത്താ. 18:3). യഥാർത്ഥ മാനസാന്തരം ദൈവത്തോടും സമൂഹത്തോടും കുടുംബത്തോടും തന്നോടു തന്നെയുമുള്ള അനുരഞ്ജനത്തിലേക്ക് ഒരു വ്യക്തിയെ നയിക്കുന്നു. "നീ ബലിപീഠത്തിൽ ബലിയർപ്പിക്കുമ്പോൾ നിന്റെ സഹോദരന് എന്തെങ്കിലും വിരോധമുണ്ടെന്ന് അവിടെവച്ച് ഓർത്താൽ കാഴ്ചവസ്തു അവിടെ വച്ചിട്ട് പോയി സഹോദരനോട് രമ്യതപ്പെടുക. പിന്നെ വന്നു കാഴ്ചയർപ്പിക്കുക" (മത്താ. 5:23-24) എന്ന തിരുവചനം നമുക്കു ഹൃദയത്തിൽ സൂക്ഷിക്കാം. അനുതാപവും അനുരഞ്ജനവും കൃപാവരത്തിന്റെയും ആധ്യാത്മിക പടപൊരുതലിന്റെയും പ്രവൃത്തികളാണ്. അതുകൊണ്ട് തടവറ പ്രേഷിതകൂട്ടായ്മയുടെ നവീകരണ പരിശ്രമങ്ങളുടെ ഫലപൂർണതയ്ക്കുവേണ്ടി നിങ്ങളുടെ വിലയേറിയ പ്രാർത്ഥനകളും ഉപവാസവും ഉണ്ടാകണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. യേശുസാഹോദര്യ കൂട്ടായ്മയുടെ പരമലക്ഷ്യം ജീവിതയാത്രയിൽ സ്വയം നഷ്ടപ്പെട്ടവരുടെ നിത്യരക്ഷതന്നെയാണ്. തടവറയിലുള്ളവർ നമ്മുടെ സഹോദരന്മാരും സഹോദരികളുമാണെന്ന് തടവറപ്രേഷിത ഞായർ ആചരണത്തിലൂടെ സഭ പ്രഘോഷിക്കുന്നു. അവർ അനുതപിക്കാനും അനുരഞ്ജനപ്പെടാനും തങ്ങളെത്തന്നെ നവീകരിക്കാനും സന്നദ്ധരാണെങ്കിൽ ഒരവസരം കൂടി നൽകാൻ നമ്മൾ തയ്യാറാകണം. തടവറയിൽ കഴിയുന്ന സഹോദരങ്ങളിൽ ക്രിസ്തുവിന്റെ മുഖം ദർശിക്കാൻ നമുക്കു കഴിയുമ്പോഴാണ് നമ്മൾ യഥാർത്ഥത്തിൽ കാഴ്ചയുള്ളവരാകുന്നത്. യേശു പറഞ്ഞു: "ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങൾ എന്റെ അടുത്തു വന്നു" (മത്താ. 25:36).

ജീസ്സസ് ഫ്രട്ടേണിറ്റി (യേശുസാഹോദര്യകൂട്ടായ്മ) തടവറകളിൽ ശുശ്രൂഷ ചെയ്യുന്ന ഒരു പ്രേഷിത കൂട്ടായ്മയാണ്. കേരളകത്തോലിക്കാ മെത്രാൻസമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ ഒരു വിഭാഗമായി ജീസ്സസ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. കഴിഞ്ഞ 34 വർഷങ്ങളായി, കേരളത്തിലെ ജയിലുകൾ സന്ദർശിച്ചുകൊണ്ട് തടവറയിലെ സഹോദരങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസുകളിലൂടെയും കൗൺസലിംഗുകളിലൂടെയും, ക്രൈ

സ്തവരായവർക്ക് പരിശുദ്ധ കുർബാനയും കുമ്പസാരവും പരികർമ്മം ചെയ്യുന്നതിലൂടെയും ശരിയായ ജീവിതദർശനം പകർന്നു നൽകി നല്ല ചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കുന്നതിൽ ഈ കൂട്ടായ്മ ശ്രദ്ധിക്കുന്നു. ജയിലുകൾ മാത്രമല്ല, തടവറയിലെ സഹോദരരുടെ ഭവനങ്ങൾ സന്ദർശിക്കുകയും അവരുടെ കുടുംബങ്ങൾക്ക് ആശ്വാസമേകുകയും ചെയ്തുവരുന്നു. കൂടാതെ, അവരുടെ മക്കളെ ജീസ്സസ് ഫ്രട്ടേണിറ്റിയുടെ പുനരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുന്നതോടൊപ്പം വിവാഹപ്രായമെത്തിയവരെ വിവാഹം കഴിക്കുവാൻ സഹായിക്കുകയും ചെയ്യുന്നു.

പതിനൊന്ന് പുനരധിവാസകേന്ദ്രങ്ങൾ ജീസ്സസ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്നെണ്ണം പുരുഷന്മാർക്കും രണ്ടെണ്ണം സ്ത്രീകൾക്കും ബാക്കി ആറ് എണ്ണം കുട്ടികൾക്കും വേണ്ടിയാണ് നിജപ്പെടുത്തിയിരിക്കുന്നത്. 2500-ൽ അധികം തടവറ വിമുക്തരായവരെ പുനരധിവസിപ്പിക്കാനും സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരാനും യേശുസാഹോദര്യകൂട്ടായ്മയ്ക്ക് ഇതുവരെ സാധിച്ചിട്ടുണ്ട്. തൃശ്ശൂർ വെട്ടുകാട് പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ കീഴിൽ വരുന്ന യേശുസാഹോദര്യകൂട്ടായ്മയുടെ നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണത്തിലുമാണ്. 1990-ൽ ആരംഭിച്ച ഈ പുനരധിവാസകേന്ദ്രങ്ങളിൽ നിന്നുമായി നാളിതുവരെ 250-ൽ പരം യുവതീയുവാക്കളുടെ വിവാഹം നടത്തി സഹായിച്ചിട്ടുണ്ട്. 500-ൽ പരം കുടുംബങ്ങൾ പുനരധിവസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചുചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാവർഷവും സോണുകളുടെ നേതൃത്വത്തിൽ സമ്മർ ക്യാമ്പുകൾ സംഘടിപ്പിച്ച് അവരുടെ സമഗ്ര വളർച്ചയ്ക്ക് വേണ്ടുന്ന ക്ലാസ്സുകളും പഠനോപകരണങ്ങളും നൽകുകയും ചെയ്യുന്നുണ്ട്. തടവറയിൽ കഴിയുന്നവരുടെ മക്കളുടെ പഠനനാളുകളിൽ ആവശ്യമായി വരുന്ന എല്ലാ ചെലവുകളും യേശുസാഹോദര്യ കൂട്ടായ്മയുടെ നേതൃത്വത്തിൽ നിർവഹിക്കപ്പെടുന്നു. കേരളത്തിലെ തടവറകളിൽ ജീസ്സസ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നവിധം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രമായി ഒരു പൊതു അംഗീകാരവും നല്കിയിട്ടുണ്ട്.

കേരളത്തിലെ 32 രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ 46- ഓളം യൂണിറ്റുകളിലായി 1000-ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. നമ്മുടെ എല്ലാ രൂപതകളിൽ നിന്നും കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിലെ ഒൻപത് മേജർ സെമിനാരികളിലും ജീസ്സസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. വൈദിക വിദ്യാർത്ഥികൾ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാണ്. അനേകം അല്മായരും സിസ്റ്റേഴ്സും വൈദികരും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവകമായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ. തടവറ പ്രേഷിതദിനത്തിൽ ഇടവകകളിൽ നിന്നു ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസ്സസ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. കോവിഡ് -19-ന്റെ പശ്ചാത്തലത്തിൽ ഈ വർഷം പല പരിമിതികളുമുണ്ട് എന്നതു വസ്തുതയാണ്. എങ്കിലും സാധിക്കുന്നവിധമുള്ള സംഭാവനകൾ ഓരോ രൂപതയും പി.ഒ.സി.യിൽ പ്രവർത്തിക്കുന്ന ജീസ്സസ് ഫ്രട്ടേണിറ്റി സംസ്ഥാന ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ആഗതമാകുന്ന ഭാരത സ്വാതന്ത്ര്യദിനവും സ്വർഗ്ഗാരോപണ തിരുനാളും നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഏവർക്കും ദൈവാനുഗ്രഹങ്ങൾ സമൃദ്ധമായി ലഭിക്കട്ടെ.

**ബിഷപ്പ് മാർ ജോസ് പുളിക്കൽ**
(ചെയർമാൻ, കെ.സി.ബി.സി ജസ്റ്റിസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി ജസ്റ്റിസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ബിഷപ്പ് തോമസ് മാർ യുസേബിയൂസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി ജസ്റ്റിസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

Ref: 3335/K-5/KCBC/OL/DS 28.07.2020

# ജസ്റ്റീസ് സൺഡേ (നീതി ഞായർ)
# 2020 ആഗസ്റ്റ് 16, ഞായർ

## കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ (മത്തായി 5:6) എന്നാണല്ലോ ഈശോ അരുൾ ചെയ്തിട്ടുള്ളത്. അന്യായമായി നീതി നിഷേധിക്കപ്പെട്ട ദലിത് ക്രൈസ്തവ സമൂഹത്തോട് ഐക്യദാർഢ്യപ്പെട്ട് അവർക്ക് അർഹമായ നീതി ലഭിക്കുന്നതിനു വേണ്ടി സഭ വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നു. സ്വാതന്ത്ര്യദിനം കഴിഞ്ഞു വരുന്ന ഞായർ ജസ്റ്റിസ് സൺഡേ (നീതി ഞായർ) ആയി ആചരിച്ചുകൊണ്ട് ദൈവതിരുസന്നിധിയിൽ പ്രാർത്ഥിക്കുകയും ഒപ്പം ദലിത് ക്രൈസ്തവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാനുള്ള പരിശ്രമങ്ങളിൽ പങ്കു ചേരുകയും ചെയ്യുന്നു.

മതം മാറിയതുകൊണ്ട് മാത്രം ഒരു വ്യക്തിയുടെയോ സമുദായത്തിന്റെയോ സാമൂഹികാവസ്ഥ മാറുന്നില്ല. ക്രിസ്തുമതം സ്വീകരിച്ച ദലിത് സഹോദരങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന സാമൂഹിക സാഹചര്യങ്ങൾ ഇതര പട്ടികജാതിക്കാരുടേതിൽ നിന്ന് വിഭിന്നമല്ല. ഭാരതമൊട്ടുക്കും ദലിത് പീഢനങ്ങളും വിവേചനാപരമായ നടപടികളും തുടർക്കഥയായിരിക്കുമ്പോൾ ദലിത് ക്രൈസ്തവർക്ക് ഇരട്ട പ്രഹരമാ ണേൽക്കുന്നത്. ഭരണഘടനയനുസരിച്ചുള്ള സംവരണമില്ല, നിയമ സംവിധാനങ്ങളുടെ പരിരക്ഷയുമില്ല. കേരളത്തിൽ പരിവർത്തിത ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ വഴി ലഭിക്കുന്ന സഹായങ്ങൾക്ക് ധാരാളം തടസ്സങ്ങൾ നേരിടുന്നു. സ്കൂൾ സർട്ടിഫിക്കറ്റുകളിൽ ദലിത് ക്രൈസ്തവർ OEC എന്ന് രേഖപ്പെടുത്തു

ന്നതിനും തടസ്സം വന്നിരിക്കുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുകളിൽ അർഹമായ പരിഗണന ലഭിക്കാതെ പോകുന്നു. അവിടെ പൊതുവിഭാഗങ്ങളിലെ പാവപ്പെട്ടവർക്ക് ലഭിക്കുന്ന സഹായങ്ങൾ പോലും നിഷേധിക്കപ്പെടുന്നു. ഈ സാഹചര്യങ്ങൾ നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുകയും കൂട്ടായ ഇടപെടലുകൾ ആവശ്യപ്പെടുകയും ചെയ്യുന്നു.

ദലിത് സഹോദരങ്ങൾക്ക് സഭയ്ക്കുള്ളിലും അവസര സമത്വവും പ്രത്യേക പരിഗണനയും ആവശ്യമാണ്. 2020 ജൂലൈ 20-ന് റോമിൽ നിന്ന് കോൺഗ്രിഗേഷൻ ഫോർ ക്ലർജി പുറപ്പെടുവിച്ച രേഖ (നമ്പർ 32) നിഷ്കർഷിക്കുന്നത് 'ദരിദ്രരും ഒഴിവാക്കപ്പെട്ടവരും ആയവർക്ക് സഭയുടെ ഹൃദയത്തിൽ സവിശേഷമായ ഒരു സ്ഥാനം ഉണ്ടായിരിക്കണം' എന്നാണ്. ഭാരതത്തിലെ സാഹചര്യത്തിൽ ഈ സ്ഥാനം ലഭിക്കേണ്ടത് ദലിത് ക്രൈസ്തവർക്കാണല്ലോ. ദൈവവിളി പ്രോത്സാഹനം, സഭാസംവിധാനങ്ങളിലുള്ള സ്ഥാനങ്ങൾ, നിയമനങ്ങളിലുള്ള പരിഗണന, സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലുള്ള പങ്കാളിത്തം തുടങ്ങി എല്ലാ മേഖലകളിലും സഭയുടെ പ്രത്യേക ശ്രദ്ധയുണ്ടാകണമെന്ന് CBCI യുടെ ദലിത് ശക്തീകരണ നയം വ്യക്തമാക്കുന്നുണ്ട്. കോവിഡ് 19-ന്റെ കെടുതികൾ കൂടുതൽ അനുഭവിക്കുന്ന ദലിത് ക്രൈസ്തവരുടെ ആവശ്യങ്ങൾ പ്രത്യേകം പരിഗണിച്ച് അവരെ സഹായിക്കുന്നതിന് ഓരോ രൂപതയും ഓരോ ഇടവകയും ശ്രദ്ധിക്കണം.

എല്ലാ പൗരന്മാരുടെയും സ്ഥിതിസമത്വവും തുല്യനീതിയും ഉറപ്പുവരുത്തുന്ന മഹത്തായ ഭരണഘടനയുള്ള മതേതര ജനാധിപത്യ രാഷ്ട്രമാണല്ലോ ഭാരതം. എങ്കിലും ജാതിവ്യവസ്ഥയുടെ കടുത്ത വിവേചനവും കൊടിയ അനീതിയും ഇന്നും ഇവിടെ നിലനില്ക്കുന്നു. ഇത് പരിഹരിക്കുന്നതിനു വേണ്ടി ഭരണഘടന തന്നെ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനമാണ് സംവരണം. പട്ടിക വിഭാഗക്കാർക്കെല്ലാം ഒരുപോലെ സംവരണത്തിന്റെ പരിരക്ഷ നല്കപ്പെട്ടിരുന്നു. എന്നാൽ 1950 ആഗസ്റ്റ് 10-ലെ ഇൻഡ്യൻ പ്രസിഡന്റിന്റെ ഉത്തരവ് പ്രകാരം ഹിന്ദുക്കളല്ലാത്ത ദലിതർക്കെല്ലാം സംവരണം നിഷേധിക്കപ്പെട്ടു. പിന്നീട് 1956-ൽ സിക്കുകാരും, 1990-ൽ ബുദ്ധമതക്കാരുമായ ദലിതരെയും പട്ടികയിലുൾപ്പെടുത്തി സംവരണം നല്കി വരുന്നു. ക്രിസ്ത്യാനികളായ ദലിതർക്ക് ഇന്നു തുല്യനീതി നിഷേധിക്കപ്പെട്ടിരിക്കുന്നു.

ഇതിനെതിരേ മുറവിളി തുടങ്ങിയിട്ട് വർഷങ്ങൾ ഏറെയായി. വിഷയം പഠിക്കാനായി നിയമിക്കപ്പെട്ട കമ്മീഷനുകൾ ദലിത് ക്രൈസ്തവർക്ക് അനുകൂലമായ റിപ്പോർട്ടുകളാണ് നല്കിയിട്ടുള്ളത്. എങ്കിലും അർഹമായ പരിഗണന നല്കാൻ മാറി മാറി വന്ന സർക്കാരുകളൊന്നും തയ്യാറായിട്ടില്ല.

ഈ കടുത്ത അനീതിക്കെതിരേ സുപ്രീം കോടതിയിൽ കേസ് നടന്നുവരുന്നു. ഈ കേസിന്റെ അനുകൂലവിധിക്കായി എല്ലാവരും പ്രാർത്ഥിക്കണം.

ദലിത് കത്തോലിക്ക മഹാജന സഭ (DCMS) വഴിയാണ് കേരള കത്തോലിക്കാ സഭയുടെ ദലിത് ശക്തീകരണ പ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത്. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടക്കുന്നതിന് ഏവരുടെയും സഹകരണം ആവശ്യമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരെഞ്ഞെടുപ്പിൽ അർഹരായ ദലിത് ക്രൈസ്തവരും പരിഗണിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തണം. ലോക്ഡൗൺ കാരണം മാറ്റി വച്ച ടാലന്റ് ആൻഡ് സ്കിൽ ഡിവലപ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാം (TSDTP) ഈ വർഷം തന്നെ തുടങ്ങുന്നതാണ്. ഒപ്പം, കലാപരമായ കഴിവുകൾ കണ്ടെത്തി വളർത്തുന്നതിനുള്ള പരിശീലനവും ആരംഭിക്കേണ്ടതുണ്ട്. എസ്.എസ്.എൽ. സി., പ്ലസ് ടു, ഡിഗ്രി തുടങ്ങിയ പരീക്ഷകളിൽ ഉയർന്ന വിജയം കൈവരിച്ചവർക്കുള്ള സ്കോളർഷിപ്പും നല്കുന്നുണ്ട്. ഇക്കാര്യങ്ങളിലെല്ലാം എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് യൂഹാനോൻ മാർ തിയഡോഷ്യസ്**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

# രൂപതക്കച്ചേരി

## *C.34/2020* New Appointments

1. Rev. Dr. Thomas Cheruparambil - Director AKCC
2. Rev. Fr. Jose Kizhakel - Director of Eparchy DFC
3. Rev. Fr. George Maleparmbil - Director Mathruvedi

*Bishop*

## *C.35/2020* Safe Environment Committee

വത്തിക്കാനിൽ നിന്നും പ്രത്യേക നിർദ്ദേശപ്രകാരം സീറോമലബാർ സിനഡിന്റെ തീരുമാനമനുസരിച്ച് കോതമംഗലം രൂപത Safe Environment Committee പുനഃക്രമീകരിച്ച് താഴെപറയുന്നവരെ നിയമിച്ചിരിക്കുന്നു. ഈ കമ്മിറ്റിയുടെ ഔദ്യോഗിക ഓഫീസ് മൂവാറ്റുപുഴ NESTT -ൽ ആയിരിക്കും.

**Address** - NESTT Pastoral Centre
Muvattupuzha, Kerala 686 661
Ph. 0485 - 2830033

**Director** - Mr. C.V. Francis Cheruparambil
(Rtd. District Judge)

**Co-Ordinator** - Adv. Thomas Mathew

**Members:**

Rev. Dr. George Thekkekara
Rev. Dr. Thomas Cheruparambil
Adv. Sr. Josiya SD
Mrs. Jessy Xavier Kattukudy
Mrs. Annie Joseph Elayidam

*Syncellus*

# മൈനർ സെമിനാരി

*MS. 20/2020* **പ്രാർത്ഥനാശംസകൾ! ഹൃദയംഗമമായ നന്ദി!**

മൈനർ സെമിനാരിയിൽ വൈസ് റെക്ടറായും രൂപതാവൊക്കേഷൻ പ്രൊമോട്ടറായും രണ്ടു വർഷക്കാലം സ്തുത്യർഹമായ സേവനമനുഷ്ഠിച്ചശേഷം ഉപരിപഠനത്തിനായി പോയ ബഹു. തോമസ് വിലങ്ങുപാറയിലച്ചന് ഹൃദയംഗമമായ നന്ദിയും ആശംസകളും നേരുന്നു. അച്ചൻ വഴിയായി രൂപതാകുടുംബത്തിനും മൈനർ സെമിനാരിക്കും ലഭിച്ച അനുഗ്രഹങ്ങൾ നന്ദിയോടെ സ്മരിക്കുന്നു.

*MS 21 /2020* **സ്നേഹോഷ്മളമായ സ്വാഗതം**

മൈനർ സെമിനാരിയിൽ വൈസ് റെക്ടറായും രൂപതാ വൊക്കേഷൻ പ്രൊമോട്ടറായും നിയമിതനായിരിക്കുന്ന ബഹു. ആന്റണി വിളയപ്പിള്ളിയച്ചന് സ്നേഹോഷ്മളമായ സ്വാഗതവും ദൈവാനുഗ്രഹവും ആശംസിക്കുന്നു.

*MS 22 /2020* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | Cijo Jacob Thundathil Kalayanthani | ₹ | 55,000 |
| 2 | Bindhu Kuriakose | ₹ | 25,000 |
| 3 | Joseph Kannamkulam, Alakode | ₹ | 10,000 |
| 4 | John Veluthedathuparambil, Kallanickal | ₹ | 10,000 |
| 5 | CML, Mathirappilly | ₹ | 1,000 |
| 6 | Oliapuram Kudumbayogam in memory of Golden Jubilee of Rev. Dr. George Oliapuram | ₹ | 40,000 |
| 7 | One Benefactor | ₹ | 1,00,000 |
| 8 | One Benefactor | ₹ | 1,000 |
| 9 | One Benefactor | ₹ | 20,000 |
| 10 | One Benefactor | ₹ | 5,000 |
| 11 | SH Provincial House | ₹ | 20,000 |

*Rector*

# വിജ്ഞാനഭവൻ

*V. 52 /2020* **പ്രൈവറ്റ് രജിസ്ട്രേഷൻ - കോൺടാക്റ്റ് ക്ലാസ്സ്**

XI, XII ക്ലാസ്സുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയവരുടെ കോൺടാക്റ്റ് ക്ലാസ്സ് ആഗസ്റ്റ് 8-ാം തീയതി നടത്തുമെന്ന് അറിയിച്ചിരുന്നു. കോവിഡ്-19 രോഗവ്യാപനത്തിന്റെ സാഹചര്യത്തിൽ മറ്റൊരു ദിവസത്തേക്ക് ക്ലാസ്സ് മാറ്റിയിരിക്കുന്നു. തീയതി പിന്നീട് അറിയിക്കുന്നതാണ്.

*V. 53 /2020* **ലോഗോസ്, പ്രൈവറ്റ് രജിസ്ട്രേഷൻ, സ്റ്റാഫ് സ്റ്റേറ്റ്മെന്റ്, കുട്ടികളുടെ കോൺട്രിബ്യൂഷൻ**

ലോഗോസ് രജിസ്ട്രേഷൻ, പ്രൈവറ്റ് രജിസ്ട്രേഷൻ, സ്റ്റാഫ് സ്റ്റേറ്റ്മെന്റ്, കുട്ടികളുടെ കോൺട്രിബ്യൂഷൻ എന്നിവ ആഗസ്റ്റ് 15-ന് മുമ്പ് വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കുമല്ലോ.

ലോഗോസ് രജിസ്ട്രേഷൻ ആഗസ്റ്റ് 15 വരെ നീട്ടിയിരിക്കുന്നു.

*V. 53 /2020* **പാഠ്യപദ്ധതി 2020-2021**

| | |
|---|---|
| ആഗസ്റ്റ് 15 ശനി | - ലോഗോസ് രജിസ്ട്രേഷൻ, പ്രൈവറ്റ് രജിസ്ട്രേഷൻ, സ്റ്റാഫ് സ്റ്റേറ്റ്മെന്റ് എന്നിവ എന്റർ ചെയ്യേണ്ട അവസാന തീയതി. കുട്ടികളുടെ കോൺട്രിബ്യൂഷൻ, തരേണ്ട അവസാന തീയതി. 10, 12 ക്ലാസ്സുകളിലെ കുട്ടികളുടെ പേര് എന്റർ ചെയ്യണം. |
| ഒക്ടോബർ 4 ഞായർ | - ഒന്നാം സെമസ്റ്റർ പരീക്ഷ |
| ഒക്ടോബർ 11 ഞായർ | - ടീച്ചേഴ്സ് ക്വിസ് ഇടവകതലം |
| ഒക്ടോബർ 18 ഞായർ | - ലോഗോസ് ക്വിസ് രൂപതാതലം |
| ഒക്ടോബർ 19 തിങ്കൾ | - ലോഗോസ് ക്വിസ്, 10, 12 ക്ലാസ്സ്, ടീച്ചേഴ്സ് ക്വിസ് എന്നിവയുടെ ഉത്തരക്കടലാസുകൾ മേഖലാ കേന്ദ്രത്തിലോ വിജ്ഞാനഭവനിലോ എത്തിക്കേണ്ട അവസാന തീയതി. |
| ഒക്ടോബർ 30 വെള്ളി | - സൺഡേ സ്കൂൾ പുസ്തകങ്ങൾ, ഉപപാഠപുസ്തകം, ബൈബിൾ നേഴ്സറി, വിശ്വാസോത്സവം എന്നിവയുടെ ഓർഡർ തരേണ്ട അവസാന തീയതി. |
| നവംബർ 8 ഞായർ | - വിശ്വാസപരിശീലക ദിനം |

| | |
|---|---|
| നവംബർ 9 തിങ്കൾ | - ഒന്നാം സെമസ്റ്റർ പരീക്ഷാഫലം, SAY രജിസ്ട്രേഷൻ ആരംഭിക്കുന്നു. |
| നവംബർ 14 ശനി | - പ്രതിഭാസംഗമം, SAY രജിസ്ട്രേഷൻ അവസാനിക്കുന്നു. |
| നവംബർ 29 ഞായർ | - SAY Exam |
| ഡിസംബർ 12 ശനി | - അദ്ധ്യാപക ക്വിസ് രൂപതാതലം, SAY Exam ഉത്തരക്കടലാസ് വിജ്ഞാനഭവനിൽ എത്തിക്കേണ്ട അവസാന തീയതി |
| ഡിസംബർ 21 തിങ്കൾ | - SAY Exam Result |
| ഡിസംബർ 31 വ്യാഴം | - സ്കോളർഷിപ്പ് പരീക്ഷയ്ക്കുള്ള കുട്ടികളുടെ പേര് രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി. |
| 2021 ജനുവരി 9 ശനി | - രണ്ടാം സെമസ്റ്റർ കോൺടാക്റ്റ് ക്ലാസ്സ് |
| ഏപ്രിൽ 6, 7, 8, 9 | - വിശ്വാസോത്സവം |
| ഏപ്രിൽ 10 ശനി | - രണ്ടാം സെമസ്റ്റർ പരീക്ഷ |
| ഏപ്രിൽ 13 ചൊവ്വ | - സ്കോളർഷിപ്പ് പരീക്ഷ |
| ഏപ്രിൽ 24 ശനി | - 10, 12 ക്ലാസ്സുകളിലെ മൂല്യനിർണ്ണയം നടത്തിയ ഉത്തരക്കടലാസ്സുകൾ മേഖലാ കേന്ദ്രത്തിലോ വിജ്ഞാനഭവനിലോ എത്തിക്കേണ്ട അവസാന തീയതി. |
| ഏപ്രിൽ 30 വെള്ളി | - വാർഷിക റിപ്പോർട്ടും വിശ്വാസോത്സവ റിപ്പോർട്ടും എത്തിക്കേണ്ട അവസാന തീയതി |
| മെയ് 3 തിങ്കൾ | - 10, 12 റിസൽട്ട്, സർട്ടിഫിക്കറ്റ് വിതരണം. SAY Exam രജിസ്ട്രേഷൻ ആരംഭിക്കുന്നു. |
| മെയ് 10 തിങ്കൾ | - SAY Exam രജിസ്ട്രേഷൻ അവസാനിക്കുന്നു. |
| മെയ് 16 ഞായർ | - SAY Exam |
| മെയ് 22 ശനി | - SAY Exam ഉത്തരക്കടലാസ്സുകൾ എത്തിക്കേണ്ട അവസാന തീയതി. |
| മെയ് 24 തിങ്കൾ | - SAY Exam റിസൽട്ട് |

NB. കോവിഡ് -19 രോഗവ്യാപനത്തിന്റെ സാഹചര്യത്തിനനുസരിച്ച് തീയതികളിൽ വ്യത്യാസം വരാൻ സാധ്യതയുണ്ട് എന്നോർമ്മിക്കുക.

*Director*

# കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn.14/2020* **SSLC RESULT 2019-2020**

| Sl No | Name of School | Total appeared | Total passed | % of Pass | Full A+ |
|---|---|---|---|---|---|
| 1 | KARIMANNOOR SJHSS | 331 | 331 | 100 | 49 |
| 2 | OONNUKAL LFHS | 168 | 167 | 99.4 | 4 |
| 3 | MUTHALAKODAM SHGHS | 162 | 162 | 100 | 23 |
| 4 | THODUPUZHA SSHS | 159 | 155 | 97.48 | 9 |
| 5 | MUTHALAKODAM SGHSS | 122 | 122 | 100 | 4 |
| 6 | KALIYAR SMHSS | 119 | 119 | 100 | 8 |
| 7 | KOTHAMANGALAM SGHSS | 108 | 108 | 100 | 13 |
| 8 | KALAYANTHANY SGHSS | 105 | 105 | 100 | 4 |
| 9 | VAZHITHALA SSHSS | 102 | 102 | 100 | 23 |
| 10 | UDUMBANNOOR SGHS | 102 | 101 | 99.01 | 3 |
| 11 | AYAVANA SHHSS | 96 | 96 | 100 | 8 |
| 12 | KALLANICKAL SGHSS | 75 | 73 | 97.33 | 4 |
| 13 | PAYNKULAM SRHS | 61 | 60 | 98.36 | 4 |
| 14 | KALLOORKAD SAHSS | 54 | 54 | 100 | 3 |
| 15 | VELIELCHAL SJHS | 32 | 30 | 93.75 | 1 |
| 16 | NEYYASSERY SSHS | 25 | 25 | 100 | 4 |
| 17 | ARAKUZHA SMHSS | 20 | 20 | 100 | 1 |
| 18 | NAKAPPUZHA SMHS | 15 | 15 | 100 | 1 |
| 19 | KODIKULAM SMHS | 14 | 14 | 100 | 1 |
| 20 | PURAPPUZHA SSHSS | 12 | 12 | 100 | |
| 21 | KUNINJI SAHS | 10 | 10 | 100 | 1 |
| 22 | MEMADANGU SSHS | 8 | 8 | 100 | |
| | TOTAL APPEARED | 1900 | 1889 | | |
| | TOTAL PASSED | 1889 | | | |
| | DETAINED | 11 | | | |
| | % OF PASS (CORPORATE) | 99.42 | | | |

*Edn.15/2020* **HSS RESULT 2019-20**

| Sl No | School Code | Name of School | Total appe-ared | Total pas-sed | % of Pass | Full A+ | Full Marks Scored |
|---|---|---|---|---|---|---|---|
| 1 | 6017 | MUTHALAKODAM SGHSS | 434 | 422 | 97.24 | 53 | 1 |
| 2 | 6019 | KARIMANNOOR SJHSS | 344 | 338 | 98.26 | 82 | 3 |
| 3 | 7055 | KOTHAMANGALAM SGHSS | 283 | 274 | 96.82 | 28 | |
| 4 | 7050 | KALLOORKAD SAHSS | 243 | 231 | 95.06 | 23 | |
| 5 | 6018 | KALIYAR SMHSS | 223 | 212 | 95.07 | 13 | |
| 6 | 6037 | VAZHITHALA SSHSS | 163 | 156 | 95.71 | 11 | 1 |
| 7 | 7051 | ARAKUZHA SMHSS | 145 | 139 | 95.86 | 4 | |
| 8 | 6076 | KALAYANTHANI SGHSS | 109 | 104 | 95.41 | | |
| 9 | 7186 | AYAVANA SHHSS | 105 | 88 | 83.81 | 3 | |
| 10 | 6080 | PURAPPUZHA SSHSS | 95 | 54 | 56.84 | | |
| 11 | 6078 | KALLANICKAL SGHSS | 93 | 53 | 56.99 | | |
| | | TOTAL APPEARED | 2237 | 2071 | 92.58 | | |
| | | TOTAL PASSED | 2071 | | | | |
| | | DETAINED | 166 | | | | |
| | | % OF PASS (CORPORATE) | 92.57 | | | | |

ഉന്നതവിജയം നേടിയ സ്കൂളുകളിലെ ബഹു. മാനേജർമാർ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ എന്നിവരെ പ്രത്യേകം അനുമോദിക്കുന്നു.

*Edn.16/2020* **കരിമണ്ണൂർ സ്കൂളിന് വിജയത്തിളക്കം**

2020 മാർച്ചിൽ നടന്ന ഹയർസെക്കന്ററി പരീക്ഷയിൽ കരിമണ്ണൂർ സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂളിന് ഉന്നതവിജയം. പരീക്ഷ എഴുതിയ 344 കുട്ടികളിൽ 338 കുട്ടികൾ വിജയിച്ചു. 98.26% വിജയം കൈവരിച്ചതിൽ 3 കുട്ടികൾ മുഴുവൻ മാർക്കും നേടി. മൊത്തം 82 കുട്ടികൾ എല്ലാ വിഷയങ്ങൾക്കും A+ നേടി. ഇത് ജില്ലയിൽ ഒന്നാം സ്ഥാനവും, സംസ്ഥാനത്ത് 6-ാം സ്ഥാനവുമാണെന്നത് ഈ വിജയത്തിന്റെ മാറ്റ് കൂട്ടുന്നു.

*Secretary*

# സോഷ്യൽ സർവീസ്

## *SS. 29/2020* "കോതമംഗലം സമരിറ്റൻസ് " സന്നദ്ധസേന രൂപീകരിച്ചു

കോവിഡ്–19 വൈറസ് വ്യാപിക്കുന്ന പശ്ചാത്തലത്തിൽ പ്രതിരോധപ്രവർത്തനങ്ങളിൽ സഹകരിക്കുന്നതിനായും ഈ നാളുകളിലെ കാലാവസ്ഥ പ്രവചനമനുസരിച്ച് പ്രളയം ഉണ്ടായാൽ സന്നദ്ധപ്രവർത്തനങ്ങൾ നടത്തുന്നതിനായും "കോതമംഗലം സമരിറ്റൻസ്" എന്ന പേരിൽ ഒരു വോളന്റിയേഴ്സ് ടീമിനെ രൂപീകരിച്ചിട്ടുണ്ട്. കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റി, കത്തോലിക്കാ കോൺഗ്രസ്, യുവദീപ്തി എന്നീ പ്രസ്ഥാനങ്ങൾ സംയുക്തമായി സഹകരിച്ചാണ് "കോതമംഗലം സമരിറ്റൻസ്" രൂപീകരിച്ചിരിക്കുന്നത്. 22 വൈദികർ ഉൾപ്പെടെ 107 പേരാണ് സന്നദ്ധ സേനയിലുള്ളത്. കോവിഡ് ബാധിച്ച് രൂപതാംഗങ്ങൾ ആരെങ്കിലും മരണപ്പെട്ടാൽ കത്തോലിക്കാ ക്രമമനുസരിച്ചുള്ള മൃതസംസ്കാരശുശ്രൂഷകൾ ഈ ടീമിന്റെ നേതൃത്വത്തിൽ നടത്തും. നമ്മുടെ സഹായം അഭ്യർത്ഥിക്കുന്ന മറ്റ് മതസ്ഥർക്കും സേവനം നൽകുന്നതാണ്. തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെയും ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെയും നിർദ്ദേശങ്ങൾ അനുസരിച്ചും കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ടും PPE കിറ്റ് ധരിച്ചുകൊണ്ടുമായിരിക്കും ശുശ്രൂഷകൾ നടത്തുന്നത്.

ഈ സംരംഭത്തോട് സജീവമായി സഹകരിച്ച എല്ലാ ബഹു. വൈദികർക്കും മറ്റ് വോളന്റിയേഴ്സിനും പ്രത്യേകമായി യുവദീപ്തി ഡയറക്ടർ ബഹു. സിറിയക് ഞാളൂർ അച്ചനും, കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലത്തിനും, രൂപത പ്രസിഡന്റ് ശ്രീ. ഐപ്പച്ചൻ തടിക്കാട്ടിനും, KSSS സ്റ്റാഫും യുവദീപ്തി പ്രസിഡന്റുമായ ശ്രീ. ജിബിൻ ജോർജിനും ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു.

## *SS. 30/2020* സർക്കാരുമായി സഹകരിച്ചുള്ള സാമൂഹ്യപ്രവർത്തനം

പ്രാദേശിക ഭരണാധികാരികളുമായി കൂടുതൽ സഹകരിച്ചുള്ള സാമൂഹ്യ ക്ഷേമപ്രവർത്തനം ഈ കാലഘട്ടത്തിന്റെ ആവശ്യകതയാ

ണ്. കോവിഡ് വൈറസ് വളരെ വേഗം പടരുന്ന സാഹചര്യത്തിൽ സർക്കാർ സംവിധാനങ്ങൾക്കുതന്നെ എല്ലാ സാമൂഹ്യക്ഷേമപ്രവർത്തനങ്ങളും നടത്തുവാൻ സാധിക്കാതെ വരുന്നു. ഈ പ്രതികൂലമായ അവസ്ഥക്കിടയിൽ പ്രളയം കൂടി ഉണ്ടായാൽ കാര്യങ്ങൾ വളരെ സങ്കീർണ്ണമാകും. ഈ സാഹചര്യത്തിൽ സർക്കാരിതര (Non- Governmental) സംവിധാനങ്ങളെക്കൂടി ദുരിതാശ്വാസപ്രവർത്തനങ്ങളിൽ പങ്കുചേർക്കുവാൻ സർക്കാർ തീരുമാനിക്കുകയും ഇത്തരം കാര്യങ്ങൾ ഔദ്യോഗിക ഗവൺമെന്റ് പ്രസിദ്ധീകരണമായ ഓറഞ്ചു ബുക്കിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

### *SS. 31/2020* ഇന്റർ ഏജൻസി ഗ്രൂപ്പ് (IAG)

മുൻപറഞ്ഞ വിധത്തിൽ Governmental Organizations ഉം Non - Governmental Organizations ഉം ഉൾപ്പെടുന്ന സംവിധാനമാണ് Inter Agency Group (IAG). സംസ്ഥാനതലത്തിൽ എല്ലാ രജിസ്റ്റേർഡ് ചാരിറ്റബിൾ സൊസൈറ്റികളും അതാത് ജില്ലാ കേന്ദ്രങ്ങളിൽ IAG-യിൽ രജിസ്റ്റർ ചെയ്യണമെന്ന് അറിയിപ്പുണ്ടായിരുന്നു. അതിൻപ്രകാരം രജിസ്റ്റർ ചെയ്തവരുടെ കൂട്ടായ്മയാണ് ജില്ലാതല IAG.

### *SS. 32/2020* താലൂക്ക് IAG

ഓരോ ജില്ലയുടെയും കീഴിലുള്ള രജിസ്റ്റേർഡ് സൊസൈറ്റികളെ അതാത് താലൂക്കുകളിൽ വിളിച്ചുചേർത്തിരുന്നു. ഇവരുടെ കൂട്ടായ്മയാണ് താലൂക്ക് IAG. കോതമംഗലം, മൂവാറ്റുപുഴ താലൂക്കുകളിൽ രൂപീകരിച്ച ഏഴംഗ എക്സിക്യൂട്ടീവ് കമ്മിറ്റികളിൽ KSSS ഡയറക്ടർ അംഗമാണ്. കൂടാതെ കോതമംഗലം താലൂക്ക് IAG -യുടെ കൺവീനറുമാണ്.

നമ്മൾ ധാരാളം തുക സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കുകയും ധാരാളം നല്ലകാര്യങ്ങൾ ചെയ്യുകയും ചെയ്യുന്നതോടൊപ്പം സർക്കാർ സംവിധാനങ്ങളോട് ചേർന്ന് പ്രവർത്തിക്കുക കൂടി ചെയ്താൽ പല വിധത്തിലും അത് ഉപകാരപ്പെടും. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് തീരുമാനമെടുക്കുന്ന സമിതികളിൽ നമുക്ക് സാന്നിദ്ധ്യമാകാൻ സാധിക്കും. IAG -യുടെ പൊതുവായ പ്രവർത്തനങ്ങൾക്ക് എല്ലാവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

**SS. 33/2020 വോളന്റിയേഴ്സ് ട്രെയിനിംഗ് നടത്തി**

കോവിഡ് പ്രതിരോധം, ദുരിതനിവാരണം, മൃതസംസ്കാരം എന്നീ ദൗത്യങ്ങൾക്കായി രൂപംകൊടുത്തിരിക്കുന്ന "കോതമംഗലം സമരിറ്റൻസ്" എന്ന സന്നദ്ധ സേനയ്ക്ക് ആദ്യ പരിശീലനം 27-07-2020-ന് കോതമംഗലം മൈനർ സെമിനാരി ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് 10 വോളന്റിയേഴ്സ് മാത്രം പ്രോഗ്രാമിൽ നേരിട്ട് പങ്കെടുത്തു. മറ്റുള്ളവർ ഓൺലൈൻ ആയി സംബന്ധിച്ചു. രൂപതയുടെ ഔദ്യോഗിക യൂട്യൂബ് ചാനലിലും ഫേസ് ബുക്കിലും തത്സമയസംപ്രേഷണമുണ്ടായിരുന്നതിനാൽ 1500 പേർക്ക് പ്രോഗ്രാമിൽ പങ്കെടുക്കാൻ സാധിച്ചു.

ഉദ്ഘാടനസമ്മേളനത്തിൽ ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ അദ്ധ്യക്ഷത വഹിച്ചു. ശ്രീ. ആന്റണി ജോൺ MLA ഉദ്ഘാടനവും തഹസീൽദാർ ശ്രീമതി റെയ്ച്ചൽ കെ. വർഗീസ് മുഖ്യപ്രഭാഷണവും നടത്തി. പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽനിന്നും താലൂക്ക് ഹോസ്പിറ്റൽ സൂപ്രണ്ട് ഡോ. അഞ്ജലി ഉണ്ണിക്കൃഷ്ണൻ, ഇൻഫെക്ഷൻ സെൽ ഡയറക്ടർ സ്മിത ബേക്കർ എന്നിവരും ഫയർ & റെസ്ക്യൂ ഡിപ്പാർട്ടുമെന്റിൽ നിന്നും സ്റ്റേഷൻ ഓഫീസർ ശ്രീ. കരുണാകരൻ പിള്ള, മൂവാറ്റുപുഴ സിവിൽ ഡിഫൻസ് അംഗം ശ്രീ. രഞ്ജിത്ത് പി. ആർ. എന്നിവരും ക്ലാസ്സുകൾ നയിച്ചു.

**SS. 34/2020 സ്വയം പര്യാപ്തതാ സെമിനാർ**

കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയുടെയും കത്തോലിക്കാ കോൺഗ്രസിന്റെയും ആഭിമുഖ്യത്തിൽ Rebuilding the Community and Attaining Self Sufficiency എന്ന വിഷയത്തെക്കുറിച്ച് 02-07-2020-ന് മൈനർ സെമിനാരി മീഡിയ ഹാളിൽ വച്ച് സെമിനാർ നടത്തി. മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം നിർവഹിച്ചു. ആത്മീയ കാര്യങ്ങളോടൊപ്പം സമുദായാംഗങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ മേഖലകളിലും സഭ ശ്രദ്ധ പതിപ്പിക്കണമെന്നും സമഗ്രമായ വളർച്ചയ്ക്കും സ്വയം പര്യാപ്തതയ്ക്കുംവേണ്ടി എല്ലാവരും ഒറ്റക്കെട്ടായി പരിശ്രമിക്കണമെന്നും ഇതിന് പുതിയ പ്രേഷിത പ്രവർത്തനശൈലി ആവശ്യമാണെന്നും ബിഷപ്പ് ഓർമ്മപ്പെടുത്തി.

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ റവ. ഫാ. ജിയോ കടവി മുഖ്യപ്രഭാഷണവും അഡ്വ. ബിജു പറയന്നിലം ആമുഖ സന്ദേശവും നൽകി. പ്രൊഫസർ ജോസ് കുട്ടി ഒഴുകയിൽ ക്ലാസ്സ് നയിച്ചു.

*SS. 35/2020* **കർഷകപ്രശ്നങ്ങളും പരിഹാരമാർഗങ്ങളും**

15-07-2020 -ന് ബിഷപ്സ് ഹൗസ് കോൺഫ്രൻസ് ഹാളിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ കർഷകപ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുവാനും പരിഹാരമാർഗങ്ങൾ കണ്ടെത്തുവാനുമായി ആലോചനായോഗം നടത്തി. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം കർഷകരുടെ പ്രതിസന്ധികളെക്കുറിച്ചും ജോസ് മാത്യു കൊച്ചുകുടി ഫലവൃക്ഷകൃഷി സാധ്യതകളെക്കുറിച്ചും ആന്റണി കണ്ടിരിക്കൽ കാർഷിക ഉല്പന്നങ്ങളുടെ മാർക്കറ്റിംഗ് സാധ്യതകളെക്കുറിച്ചും കെന്നഡി പീറ്റർ ഓലിയപ്പുറം മൂല്യവർദ്ധിത ഉല്പന്നങ്ങളെക്കുറിച്ചും ഐപ്പച്ചൻ തടിക്കാട്ട് കർഷക പ്രശ്നങ്ങളും കത്തോലിക്ക കോൺഗ്രസും എന്ന വിഷയത്തെക്കുറിച്ചും ഫാ. സെബാസ്റ്റ്യൻ വലിയത്താഴത്ത് കർഷക തൊഴിലാളി കൂട്ടായ്മകളെക്കുറിച്ചും ജോബി സെബാസ്റ്റ്യൻ വെളിയേൽച്ചാൽ ജൈവകൃഷി സാധ്യതകളെക്കുറിച്ചും ഫാ. അഗസ്റ്റിൻ പടിഞ്ഞാറെക്കുറ്റ് കർഷകർക്ക് ഭീഷണിയാകുന്ന വന്യമൃഗശല്യത്തെക്കുറിച്ചും സംസാരിച്ചു.

*Director*

# ചെറുപുഷ്പ മിഷൻലീഗ്

*CML 33/2020* **രൂപത പ്രവർത്തനവർഷ ഉദ്ഘാടനം, വാർഷികം, കൗൺസിൽ**

ചരിത്രത്തിൽ ആദ്യമായി ചെറുപുഷ്പ മിഷൻലീഗ് കോതമംഗലം രൂപതയുടെ കൗൺസിലും, വാർഷികവും, പ്രവർത്തവർഷ ഉദ്ഘാടനവും ഓൺലൈനായി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവഹിച്ചു. CML Kothamangalam Diocese എന്ന youtube ചാനലിലൂടെ തത്സമയസംപ്രേഷണം ആയി നടത്തിയ ചടങ്ങിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി

യർപ്പിക്കുന്നു. ഉദ്ഘാടനയോഗത്തിൽ വച്ച് 2020-21 പ്രവർത്തനവർഷത്തിലെ പ്രവർത്തന മാർഗരേഖ പ്രകാശനം അഭിവന്ദ്യ പിതാവ് നിർവഹിച്ചു.

*CML 34/2020* **ലോഗോ, CML Prayer Card പ്രകാശനം**

2020-21 പ്രവർത്തനവർഷത്തെ "മിഷനെ അറിയാം, മിഷനറിയാകാം മിഷൻലീഗിലൂടെ" എന്ന പഠനവിഷയത്തെ ആസ്പദമാക്കിയുള്ള ലോഗോ പ്രകാശനം ചെയ്തു. രൂപതാംഗവും പെരുമണ്ണൂർ ഇടവക വികാരിയുമായ ഫാ. ജോസഫ് പുളിക്കലാണ് ലോഗോ ഡിസൈൻ ചെയ്തത്.

പഠനവിഷയത്തെ ആസ്പദമാക്കി മിഷനെ സമർപ്പിച്ചും കോവിഡ് -19 വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംരക്ഷണപ്രാർത്ഥനയും അടങ്ങുന്ന പ്രെയർ കാർഡും പ്രകാശനം നടത്തി.

*CML 35/2020* **മിഷൻ ബാൻഡ്**

രൂപതയ്ക്കുള്ളിലെ ഗായകരെയും വിവിധ സംഗീത ഉപകരണങ്ങൾ വായിക്കുന്നവരെയും ഒരുമിച്ചുചേർത്ത് മിഷൻലീഗ് രൂപതാകുടുംബം അണിയിച്ചൊരുക്കുന്ന മിഷൻ ബാൻഡിന് യോഗത്തിൽ വച്ച് തുടക്കം കുറിച്ചു. മിഷൻ ബാൻഡിൽ ചേർന്ന് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നവർ ചുവടെ കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുക.

കെവിൻ മാണിശ്ശേരി (പ്രസിഡന്റ്) - 9074673282

ഡെൻസൻ ഡൊമിനിക് (ഓർഗനൈസർ) - 9495472364

*CML 36/2020* **മിഷൻ പച്ചക്കറി തോട്ടം**

കോവിഡ് 19-ന്റെ കാലഘട്ടത്തിൽ ഗ്രോബാഗുകളും, പച്ചക്കറി വിത്തുകളും അടങ്ങുന്ന കിറ്റുകൾ യുവജനപ്രസ്ഥാനമായ കെ.സി.വൈ.എം-ന്റെ സഹകരണത്തോടെ എല്ലാ ശാഖകളിലും നൽകുന്ന പദ്ധതിക്കു തുടക്കം കുറിച്ചു. കിറ്റുകൾ എല്ലാ ഇടവകകളിലും എത്തിക്കുന്നതാണ്.

*CML 37/2020* **നന്ദി! ആശംസകൾ!**

2019-2020 പ്രവർത്തനവർഷത്തിൽ മിഷൻലീഗ് രൂപതാകുടുംബ

ത്തോട് സഹകരിച്ച് പ്രോത്സാഹിപ്പിച്ച എല്ലാ വൈദികരെയും, പ്രത്യേകമായി മേഖലാ ഡയറക്ടർമാർ, അസി. ഡയറക്ടർമാർ ആയി സേവനമനുഷ്ഠിച്ചവരെയും നന്ദിയോടെ ഓർക്കുന്നു. സ്ഥലം മാറിപ്പോയ എല്ലാവർക്കും ആശംസകളും പ്രാർത്ഥനകളും നേരുന്നു.

*CML 38/2020* **സെമിനാർ**

19-07-2020-ൽ വേദപാഠ ക്ലാസ്സുകൾക്ക് പകരം മിഷൻലീഗ് തയ്യാറാക്കിയ ഓൺലൈൻ സെമിനാർ കുട്ടികൾക്കായി നടത്തി. ഈ സെമിനാറുകൾ വളരെ മനോഹരമായി കൈകാര്യം ചെയ്ത ശ്രീ. ജിബിൻ പുൽപ്പറമ്പിൽ, കെവിൻ ജോസഫ്, ആൻ റോസ് സോണി, അങ്കിത ആന്റണി എന്നിവർക്ക് സി.എം.എൽ. രൂപതാ കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും നേരുന്നു.

*CML 39/2020* **ഓൺലൈൻ പ്രവർത്തനങ്ങൾ**

നിലവിൽ മതബോധന ക്ലാസ്സുകളോ മറ്റ് പ്രവർത്തനങ്ങളോ നേരിട്ട് നടത്താൻ പറ്റാത്ത സാഹചര്യത്തിൽ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ സംഘടനാപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടു പോവുകയും പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തുകൊണ്ട് കുട്ടികളെ പ്രതികൂല സാഹചര്യങ്ങളിൽ ഇടവകയോട് ചേർത്ത് നിറുത്തുവാൻ ശ്രദ്ധിക്കുമല്ലോ.

*Director*

---

## കെ.സി.എസ്.എൽ.

*KCSL. 13/2020* **രൂപതാതല പ്രവർത്തന വർഷ ഉദ്ഘാടനം**

കോവിഡ് -19 വ്യാപിച്ച് വരുകയും വിദ്യാലയങ്ങൾ തുറക്കാതിരിക്കുന്നതുമായ സാഹചര്യത്തിലും നമ്മുടെ സഖ്യത്തിന്റെ പ്രവർത്തന വർഷ ഉദ്ഘാടനം നടക്കുകയുണ്ടായി. ജൂലൈ 3-ന് ദുക്റാന തിരുനാൾ ദിനത്തിൽ ഓൺലൈൻ വഴി അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് ഉദ്ഘാടനം നിർവ്വഹിച്ചു.

*KCSL. 14/2020* **വെബ്ബിനാർ**

ചെറുപുഷ്പമിഷൻലീഗുമായി സഹകരിച്ച് ഓൺലൈൻ പ്ലാറ്റ്ഫോം ഉപയോഗപ്പെടുത്തി തോമാശ്ലീഹായുടെ തിരുനാളിനോട് അനുബന്ധിച്ച് "മാർത്തോമ നസ്രാണി ചരിത്രം, പാരമ്പര്യം, പൈതൃകം" എന്ന വിഷയത്തിൽ July 5-ന് വെബ്ബിനാർ സംഘടിപ്പിച്ചു. റവ. ഡോ. പയസ് മലേക്കണ്ടത്തിൽ വെബ്ബിനാർ പ്രഭാഷണം നടത്തി. പങ്കെടുത്ത എല്ലാവർക്കും പ്രത്യേകമായി നന്ദി.

*KCSL. 15/2020* **ഇന്റർ സ്കൂൾ ബൈബിൾ ക്വിസ്**

സമകാലിക പ്രത്യേക സാഹചര്യത്തിൽ ഇന്റർ സ്കൂൾ ബൈബിൾ ക്വിസ് ഓൺലൈൻ പ്ലാറ്റ്ഫോമിൽ ജൂലൈ 26-ന് സംഘടിപ്പിച്ചു.

*KCSL. 16/2020* **വിയാനി ദിനം**

ആഗസ്റ്റ് 4 വൈദികരുടെ മദ്ധ്യസ്ഥനായ ജോൺ മരിയ വിയാനിയുടെ തിരുനാൾ ആണല്ലോ. എല്ലാ വൈദികർക്കും വിയാനി ദിനത്തിന്റെ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

*KCSL. 17/2020* **ആനിമേറ്റേഴ്സ് തെരഞ്ഞെടുപ്പ്**

യൂണിറ്റുകളിൽ നിലവിലുള്ള ആനിമേറ്റർമാർ മാറി പുതിയവർ വന്നിട്ടുണ്ടെങ്കിൽ അവരുടെ ഫോൺ നമ്പർ വാട്ട്സ്ആപ്പ് ഗ്രൂപ്പ് വഴിയായി അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം വിവിധ മത്സര വിവരങ്ങൾ കുട്ടികളിലേക്ക് എത്തിക്കുവാനും ശ്രദ്ധിക്കുമല്ലോ.

*Director*

## മാതൃവേദി

*MV 19/2020* **ഹൃദയംഗമമായ നന്ദി...**

കഴിഞ്ഞ രണ്ടര വർഷക്കാലം മാതൃവേദി ഡയറക്ടറായി സ്തുത്യർഹമായ സേവനം ചെയ്തശേഷം ഉപരിപഠനത്തിനായി പോകുന്ന ബഹു. മാത്യു ചാമക്കാലായിൽ അച്ചന് ജൂലൈ 9-ന് നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ നടത്തിയ രൂപതാ കമ്മിറ്റിയിൽ വച്ച് ഹൃദ്യമായ യാത്രാമംഗളങ്ങൾ നേർന്നു.

*MV 20/2020* **സ്നേഹോഷ്മളമായ സ്വാഗതം**

മാതൃവേദി ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. ജോർജ് മലേപ്പറമ്പിൽ അച്ചന് ഹൃദയപൂർവകമായ സ്വാഗതം.

*Director*

# ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

*DFC 17/2020* **കോതമംഗലം രൂപതയ്ക്ക് പുതിയ ഡയറക്ടർ**

രൂപതാഡയറക്ടറായിരുന്ന ഫാ. സെബാസ്റ്റ്യൻ പോത്തനാമൂഴി മലയിഞ്ചി ഇടവകവികാരിയായി സ്ഥലം മാറിപോയതിനെ തുടർന്ന് ഫാ. ജോസ് കിഴക്കേൽ 11-07-2020-ന് DFC രൂപതാഡയറക്ടറായി സ്ഥാനമേറ്റെടുത്തു.

*DFC 18/2020* **രൂപത എക്സിക്യൂട്ടീവ് യോഗം**

DFC രൂപത എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങൾ, ഫൊറോന പ്രസിഡന്റുമാർ, ഫൊറോന രക്ഷാധികാരികൾ, ഫൊറോന ഡയറക്ടർമാർ എന്നിവരുടെ സംയുക്തയോഗം 20-07-2020-ന് തൊടുപുഴ ടൗൺപള്ളി പാരീഷ് ഹാളിൽ വച്ച് ചേർന്നു. പുതിയ രൂപതാഡയറക്ടർക്ക്, യോഗം ഹൃദ്യമായ സ്വാഗതവും വിജയാശംസകളും നേർന്നു. മുൻ ഡയറക്ടർക്ക് അകമഴിഞ്ഞ നന്ദിയും അഭിനന്ദനവും അറിയിച്ചു. തുടർന്ന് DFC-യുടെ ഭാവി പ്രവർത്തനങ്ങളെക്കുറിച്ചും വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ദീപികയിൽ പ്രസിദ്ധീകരിക്കുന്ന സപ്ലിമെന്റിൽ ആശംസാപരസ്യങ്ങൾ നൽകുന്നതിനെക്കുറിച്ചും ചർച്ച ചെയ്തു.

*Co-ordinator*

## യുവദീപ്തി

### YD 23/2020 2020-21 പ്രവർത്തനവർഷ ഉദ്ഘാടനവും യുവജനദിനാഘോഷവും

ജൂലൈ 5 യുവജനദിനത്തോടനുബന്ധിച്ച് 2020-21 പ്രവർത്തന വർഷ ഉദ്ഘാടനവും യുവജനദിനാഘോഷവും സംയുക്തമായി നടത്തി.

2020-21 പ്രവർത്തനവർഷം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, യുവദീപ്തി-കെ.സി.വൈ.എം. കോതമംഗലം രൂപതയുടെ ഒഫീഷ്യൽ യൂടൂബ് ചാനലിലൂടെ ഉദ്ഘാടനം നിർവഹിച്ചു. ലോകം ഒത്തിരിയേറെ പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന ഈ സാഹചര്യത്തിൽ യുവജനങ്ങൾ ദൈവത്തിൽ വിശ്വസിച്ച് നല്ലൊരു വിശ്വാസജീവിതം നയിക്കണമെന്നും മറ്റുള്ളവരോട് കരുതൽ ഉള്ളവരായിരിക്കണമെന്നും പ്രകൃതിയോട് ചേർന്ന് ജീവിക്കണമെന്നും പിതാവ് ആഹ്വാനം ചെയ്തു. രൂപതാഭാരവാഹികൾ അഭിവന്ദ്യ പിതാവുമായി കൂടിക്കാഴ്ച നടത്തി, തുടർപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

യുവജനദിനാഘോഷത്തിന്റെ ഭാഗമായി കെ.സി.വൈ.എം. നെടിയകാട് യൂണിറ്റ് അംഗങ്ങളായ ഡെന്നീസ് പോൾ, സ്റ്റീഫൻ മാത്യു എന്നിവരുടെ മ്യൂസിക്കൽ ലൈവ് പ്രോഗ്രാം ഓൺലൈൻ പ്ലാറ്റ്ഫോമായ ഫെയ്സ്ബുക്കിലൂടെ നടത്തി.

### YD 24/2020 തോമസ് മൂർ ദിനാചരണം

കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ സ്വർഗീയ മദ്ധ്യസ്ഥനായ വിശുദ്ധ തോമസ് മൂറിന്റെ ദിനാചരണം രൂപതാതലത്തിൽ നടത്തപ്പെട്ടു. കോതമംഗലം രൂപതയിൽ വി. തോമസ് മൂറിന്റെ നാമത്തിലുള്ള ഏക ദൈവാലയമായ ആലക്കോട് സെന്റ് തോമസ് മൂർ ദൈവാലയത്തിൽ വച്ച് നടന്ന പ്രാർത്ഥനാശുശ്രൂഷയ്ക്ക് മുൻ രൂപതാഡയറക്ടറും ആലക്കോട് ഇടവകവികാരിയുമായ ബഹു. സെബാസ്റ്റ്യൻ കണിമറ്റത്തിൽ അച്ചൻ നേതൃത്വം നൽകി. കെ.സി.വൈ.എം. രൂപതാഡയറക്ടർ ബഹു. സിറിയക് ഞാളൂർ അച്ചനും പ്രസിഡന്റ് ജിബിൻ ജോർജും

ആനിമേറ്റർ സിസ്റ്റർ റെനിറ്റ് എഫ്.സി.സി.യും ജനറൽ സെക്രട്ടറി ജോർബിൻ ബേബിയും ആശംസകൾ നേർന്നു.

*YD 25/2020* **ഹരിതം ജൈവകൃഷി പദ്ധതി- രൂപതാതല ഉദ്ഘാടനം**

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഹരിതം ജൈവകൃഷി പദ്ധതിയുടെ രൂപതാതല ഉദ്ഘാടനം കോതമംഗലം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ നിർവഹിച്ചു. യുവജനങ്ങൾക്കിടയിൽ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന്റെയും വിഷരഹിത പച്ചക്കറി ഉല്പാദിപ്പിക്കേണ്ടതിന്റെയും പ്രാധാന്യം അഭിവന്ദ്യ പിതാവ് ഓർമ്മപ്പെടുത്തി. കാലത്തിന്റെ ചലനങ്ങൾ വിവേചിച്ചറിഞ്ഞ് സഭയ്ക്കും സമൂഹത്തിനും രാഷ്ട്രത്തിനും വേണ്ടി പ്രവർത്തിക്കാൻ തക്കവിധം യുവജനങ്ങൾ ഉണരണമെന്ന് അദ്ദേഹം സന്ദേശത്തിൽ പറഞ്ഞു.

രൂപതാ വികാരി ജനറാൾ മോൺ. ഡോ. ജോർജ് ഓലിയപ്പുറം, കെ. സി. വൈ. എം. രൂപതാ ഡയറക്ടർ ഫാ. സിറിയക് ഞാളൂർ, കെ. സി. വൈ. എം. രൂപതാ പ്രസിഡന്റ് ജിബിൻ ജോർജ്, ആനിമേറ്റർ സി. റെനിറ്റ് എഫ്.സി.സി. ജനറൽ സെക്രട്ടറി ജോർബിൻ ബേബി, സംസ്ഥാന സിൻഡിക്കേറ്റ് അംഗം സിറിൽ ജോസഫ്, കേരള ലേബർ മൂവ്മെന്റ് രൂപതാഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വലിയതാഴത്ത്, മിഷൻലീഗ് രൂപതാഡയറക്ടർ ഫാ. സിറിയക് കോടമുള്ളിൽ എന്നിവർ പങ്കെടുത്തു.

ഹരിതം ജൈവകൃഷി പദ്ധതിയുടെ ഭാഗമായി പച്ചക്കറിക്കിറ്റുകൾ രൂപതാഭാരവാഹികൾ ഫൊറോന കേന്ദ്രങ്ങളിലേക്ക് എത്തിച്ചുകൊടുത്തു. 1423 പച്ചക്കറി കിറ്റുകൾ രൂപതാടിസ്ഥാനത്തിൽ വിതരണം ചെയ്യുകയുണ്ടായി. ഹരിതം പദ്ധതിയോട് സഹകരിച്ച കോതമംഗലം ലേബർമൂവ്മെന്റ്, ചെറുപുഷ്പമിഷൻ ലീഗ് ഭാരവാഹികളോട് ഹൃദയപൂർവം നന്ദി അറിയിക്കുന്നു.

*YD 26/2020* **ഫൊറോന പ്രസിഡന്റ് മീറ്റ്**

സാമൂഹിക അകലം പാലിച്ച് സാങ്കേതിക അടുപ്പത്തോടെ ഫൊറോന പ്രസിഡന്റുമാരുടെ മീറ്റിംഗിൽ ഈ നാളുകളിൽ നടത്തേണ്ടിയിരിക്കുന്ന ഇലക്ഷനെപ്പറ്റിയും സന്നദ്ധസേനയുടെ രൂപീകരണത്തെപ്പറ്റിയും പ്രവർത്തനങ്ങളെപ്പറ്റിയും ചർച്ച നടത്തി. മീറ്റിംഗിൽ 12 ഫൊറോനകളിൽ നിന്നുമുള്ള പ്രസിഡന്റുമാർ പങ്കെടുത്തു.

*YD 27/2020* **നാമഹേതുകതിരുനാളുകൾ – ജൂലൈ 15, 26**

വി. കുര്യാക്കോസിന്റെ നാമധാരിയായ കെ.സി.വൈ.എം കോതമംഗലം രൂപത ഡയറക്ടർ ബഹു. സിറിയക് ഞാളൂർ അച്ചന് രൂപതാ കുടുംബം ഒന്നുചേർന്ന് ഓൺലൈനിൽ പ്രാർത്ഥനാശംസകൾ നേർന്നു.

വി. അന്നയുടെ നാമധാരിയായ കെ.സി.വൈ.എം കോതമംഗലം രൂപത ആനിമേറ്റർ സി. റെനിറ്റ് FCC-ക്ക് രൂപതാ കുടുംബം ഒന്നുചേർന്ന് ഓൺലൈനിൽ പ്രാർത്ഥനാശംസകൾ നേർന്നു.

*YD 28/2020* **കോതമംഗലം സമരിറ്റൻസ്**

കോവിഡ് 19 അതിരൂക്ഷമായി നമ്മുടെ സമൂഹത്തിൽ പടർന്നുപിടിക്കുകയാണല്ലോ. കോവിഡ് രോഗികളുടെ മൃതസംസ്കാരത്തിനായി അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശപ്രകാരം യുവദീപ്തി-കെ.സി.വൈ.എം.-ന്റെ നേതൃത്വത്തിൽ കോവിഡ് മരണവുമായി ബന്ധപ്പെട്ട സംസ്കാരചടങ്ങുകൾക്ക് സഹായിക്കുവാനായി വോളന്റിയേഴ്സ് ടീം രൂപീകരിച്ചു. സന്നദ്ധരായ 30 യുവജനങ്ങളാണ് ഇതിനായി തയ്യാറായിരിക്കുന്നത്. വോളന്റിയേഴ്സ് ടീമിന്റെ സഹായം ഇടവകകളിൽ ആവശ്യമെങ്കിൽ രൂപതയിൽ നിന്നും ലഭിക്കുന്ന നിർദ്ദേശമനുസരിച്ച് “കോതമംഗലം സമരിറ്റൻസ്” എന്ന പേരിൽ രൂപതാതലത്തിൽ രൂപീകരിച്ച വോളന്റിയേഴ്സ് ടീമിനോട് ചേർന്ന് കോവിഡ് പ്രോട്ടോകോൾ പാലിച്ചു പ്രവർത്തിക്കുന്നതായിരിക്കും.

*Director*

# ജീസസ് യൂത്ത്

*JY 10/2020* **CANTOR ഓൺലൈൻ ഭക്തിഗാന മത്സരം**

ജീസസ് യൂത്ത് കോതമംഗലം സോൺ മ്യൂസിക് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ദൈവോന്മുഖമായി കഴിവുകളെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ഓൺലൈൻ ഭക്തിഗാന മത്സരം നടന്നു. കിഡ്സ്, ടീൻസ്, യൂത്ത്, ഫാമിലി എന്നീ നാല് വിഭാഗങ്ങളിലായി നൂറ്റിനാല്പതോളം പേർ പങ്കെടുത്തു.

*Animator*

# കത്തോലിക്കാ കോൺഗ്രസ്

## *CC 11/2020* സ്വയം പര്യാപ്തസമൂഹം - കത്തോലിക്കാ കോൺഗ്രസിന്റെ ലക്ഷ്യം

കത്തോലിക്കാ സമുദായത്തെ സാമ്പത്തികമായി പുനരുദ്ധരിക്കുക എന്ന ലക്ഷ്യത്തോടെ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി നേതൃത്വം നൽകുന്ന "റീബിൽഡിംഗ് കമ്മ്യൂണിറ്റി" എന്ന പദ്ധതി കോതമംഗലം രൂപതയിൽ നടപ്പിലാക്കുന്നതിനെപ്പറ്റി ആലോചിക്കാൻ 02-07-2020-ൽ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ ബിഷപ്സ് ഹൗസിൽ വച്ച് ആലോചനായോഗം നടത്തി.

യോഗത്തിൽ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം ആമുഖ പ്രസംഗം നടത്തി. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സെക്രട്ടറി ഡോ. ജോസുകുട്ടി ജെ. ഒഴുകയിൽ വിഷയാവതരണം നടത്തി.

യോഗത്തിൽ വികാരി ജനറാളും രൂപതാ ഡയറക്ടറുമായ മോൺ. ജോർജ് ഓലിയപ്പുറം, വികാരി ജനറാൾ മോൺ. ഫ്രാൻസിസ് കീരംപാറ, കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ജിയോ കടവി, സോഷ്യൽ സർവീസ് ഡയറക്ടർ റവ. ഡോ. തോമസ് പറയിടം, രൂപതാ ചാൻസിലർ ഫാ. ജോസ് പുല്ലോപ്പിള്ളി, കത്തോലിക്കാ കോൺഗ്രസ് രൂപതാ പ്രസിഡന്റ് ഐപ്പച്ചൻ തടിക്കാട്ട്, KLM പ്രസിഡന്റ് അഡ്വ. തോമസ് മാത്യു, വിൻസെന്റ് ഡി പോൾ സൊസൈറ്റി പ്രസിഡന്റ് അഡ്വ. ബാബു കുമ്പളാങ്കൽ, മാതൃവേദി പ്രസിഡന്റ് ശ്രീമതി മിനി ജോസ്, കെ.സി.വൈ.എം. പ്രസിഡന്റ് ജിബിൻ ജോർജ്, CML പ്രസിഡന്റ് കെവിൻ ജോസഫ് എന്നിവർ പ്രസംഗിച്ചു.

യോഗത്തിൽ കത്തോലിക്കാ കോൺഗ്രസ് കോവിഡ് പ്രതിരോധത്തിനായി ആരോഗ്യപ്രവർത്തകർക്ക് വിതരണം ചെയ്തുകൊണ്ടിരിക്കുന്ന ഷീൽഡിന്റെ രൂപതാതല പ്രകാശനം അഭിവന്ദ്യ പിതാവ് കോതമംഗലം സെന്റ് ജോസഫ് ഹോസ്പിറ്റലിലെ അധികാരികൾക്ക് നല്കിക്കൊണ്ട് നിർവഹിച്ചു.

**CC 12/2020 മോൺ. ജോർജ് ഓലിയപ്പുറത്തിന് യാത്രയയപ്പും റവ. ഡോ. തോമസ് ചെറുപറമ്പിലിന് സ്വീകരണവും**

കഴിഞ്ഞ 16 വർഷക്കാലം കത്തോലിക്കാ കോൺഗ്രസ് കോതമംഗലം രൂപതാഡയറക്ടറായി സേവനമനുഷ്ഠിച്ച മോൺ. ജോർജ് ഓലിയപ്പുറം അച്ചന് യാത്രയയപ്പും കത്തോലിക്കാ കോൺഗ്രസ് കോതമംഗലം രൂപതയുടെ പുതിയ ഡയറക്ടറായി നിയമിതനായ റവ. ഡോ. തോമസ് ചെറുപറമ്പിലിന് സ്വീകരണവും നൽകി.

കോവിഡിന്റെ പശ്ചാത്തലത്തിൽ എല്ലാ കോവിഡ് നിയന്ത്രണങ്ങളും പാലിച്ചുകൊണ്ട് 18-07-2020-ൽ മൂവാറ്റുപുഴ നിർമ്മല HSS -ൽ വച്ചാണ് യാത്രയയപ്പ് സമ്മേളനം നടത്തിയത്.

കത്തോലിക്കാ കോൺഗ്രസ് കോതമംഗലം രൂപതാപ്രസിഡന്റ് ശ്രീ. ഐപ്പച്ചൻ തടിക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ച് സ്ഥാനമൊഴിയുന്ന മോൺ. ജോർജ് ഓലിയപ്പുറം അച്ചൻ കത്തോലിക്കാ കോൺഗ്രസിന്റെ ഫ്ളാഗ് നൽകിയാണ് പുതിയ ഡയറക്ടർ തോമസ് ചെറുപറമ്പിലച്ചനെ സ്വീകരിച്ചത്. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ജിയോ കടവി കത്തോലിക്കാ കോൺഗ്രസിന്റെ നിയമാവലി നൽകി ചെറുപറമ്പിലച്ചനെ ചുമതലയേൽപിച്ചു.

വൈദികരത്നം മോൺ. ജോർജ് ഓലിയപ്പുറം അച്ചൻ സീറോമലബാർ സഭയ്ക്ക്, പ്രത്യേകിച്ച് കത്തോലിക്കാ കോൺഗ്രസിന് നല്കിയ തിളക്കമാർന്ന സേവനത്തിന് മീറ്റിംഗിൽ പങ്കെടുത്ത എല്ലാവരും നന്ദി അറിയിക്കുകയും അച്ചന്റെ വിശ്രമജീവിതം ദൈവാനുഗ്രഹപ്രദമായിരിക്കട്ടെയെന്ന് ആശംസിക്കുകയും ചെയ്തു.

കോവിഡാനന്തരകാലത്ത് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പച്ചക്കറി വിത്തുവിതരണത്തിന്റെ രൂപതാതല ഉദ്ഘാടനം ഗ്ലോബൽ ഡയറക്ടർ ഫാ. ജിയോ കടവി രൂപതാ ഡയറക്ടർ ഫാ. തോമസ് ചെറുപറമ്പിലിന് നൽകിക്കൊണ്ട് നിർവഹിച്ചു.

**CC 13/2020 ജനകീയ കർഷകവേദി രൂപീകരണം**

കോവിഡിന്റെ പശ്ചാത്തലത്തിൽ അന്യസംസ്ഥാന തൊഴിലാളികൾ സ്വദേശത്തേക്ക് മടങ്ങിയതുകൊണ്ട് നമ്മുടെ നാട്ടിലെ കാർഷി

കമേഖലയിൽ പണിയെടുക്കാൻ ആളില്ലാതായിട്ടുണ്ട്. ഇതിന് പരിഹാരമെന്ന നിലയിലാണ് ആരക്കുഴയിൽ, ആരക്കുഴ ഫൊറോനാ പള്ളി വികാരി റവ. ഫാ. ജോൺ മുണ്ടയ്ക്കലിന്റെയും കത്തോലിക്കാ കോൺഗ്രസ് രൂപതാ പ്രസിഡന്റ് ശ്രീ. ഐപ്പച്ചൻ തടിക്കാട്ടിന്റെയും നേതൃത്വത്തിൽ കൃഷിക്കാരുടെ കൂട്ടായ്മയായ "ജനകീയ കർഷകവേദി" രൂപീകരിച്ചത്. ഇതിനോടകം ഈ കർഷക കൂട്ടായ്മയ്ക്ക് വലിയ ജനസ്വീകാര്യത ലഭിച്ചു.

ഇത്തരത്തിലുള്ള കർഷക കൂട്ടായ്മകൾ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ കോതമംഗലം രൂപതയിലെ സാധ്യമായ ഇടവകകളിൽ ആരംഭിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതിന് 20-07-2020 -ൽ കത്തോലിക്കാകോൺഗ്രസ് കോതമംഗലം രൂപത ജനറൽ സെക്രട്ടറി ശ്രീ. ജോസ് പുതിയിടത്തിന്റെ നേതൃത്വത്തിൽ ഒരു ഗൂഗിൾ മീറ്റ് നടത്തി. മീറ്റിംഗിൽ ഐപ്പച്ചൻ തടിക്കാട്ട്, ആരക്കുഴയിലെ ജനകീയ കർഷകവേദിയുടെ പ്രവർത്തനങ്ങളെ വിശദീകരിച്ചു. യോഗത്തിൽ കത്തോലിക്കാ കോൺഗ്രസ് രൂപതാഡയറക്ടർ റവ. ഡോ. തോമസ് ചെറുപറമ്പിൽ പങ്കെടുത്ത് ആശംസകളറിയിച്ചു.

*Director*

# അല്മായ ഫ്രാൻസിസ്കൻ സഭ

*SFO 9/2020*

1. അല്മായാംഗങ്ങൾ ഭവനങ്ങളിൽ ആയിരുന്നുകൊണ്ട് പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കുകൊണ്ടു.
2. Lockdown നിയന്ത്രണങ്ങൾ മൂലം സാമ്പത്തിക പരാധീനത അനുഭവിക്കുന്ന SFO യിലെ നിർധനരായ രോഗികൾക്ക് മരുന്നിന് സാമ്പത്തിക സഹായവും, വിവാഹ സഹായവും നൽകി.
3. Franciscan Youth ഭ്രാതൃത്വത്തിൽനിന്നും മൂന്നു സഹോദരിമാർ സന്യാസ വസ്ത്രസ്വീകരണവും പ്രഥമ വ്രതവാഗ്ദാനവും നടത്തി. Sr. ജൊവാൻ മരിയ LSDP, തൊമ്മൻകുത്ത്; Sr. ആനി അഹല്യ പാണങ്കാട്ട് SABS, നെടിയകാട്; Sr. സ്റ്റെഫി അഗസ്റ്റിൻ FCC നിർമ്മലമാതാ മൂവാറ്റുപുഴ. ഇവർക്ക് അഭിനന്ദനങ്ങളും പ്രാർത്ഥനകളും നേരുന്നു.

4. വിശ്വാസികൾക്ക് ഭവനങ്ങളിലിരുന്ന് ധ്യാനത്തിലും ആധ്യാത്മിക പഠനത്തിലും പങ്കെടുക്കുവാൻ Rev. Fr. Somi OFM Cap. ന്റെ നേതൃത്വത്തിൽ ഒരു യൂടൂബ് ചാനൽ ആരംഭിക്കുവാൻ ശ്രമിച്ചു വരുന്നു.

*Director*

## പ്രാർത്ഥനാഗ്രൂപ്പ്

*PG 7/2020*

കോവിഡ്-19 മൂലം ലോക്ക് ഡൗൺ ആയിരുന്നതിനാൽ പൊതു പ്രാർത്ഥന കൂട്ടായ്മകൾ ഉണ്ടായിരുന്നില്ലെങ്കിലും വിവിധ സബ് സോണുകളുടെ നേതൃത്വത്തിൽ ഭവനങ്ങളിൽ ആയിരുന്നുകൊണ്ട് കൊറോണ വൈറസ് മാറുന്നതിനായി പ്രാർത്ഥനകൾ നടത്തുകയും ഓൺലൈൻ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു. കൂടാതെ സഹായം അർഹിക്കുന്ന ചിലർക്ക് സാമ്പത്തിക സഹായവും, മറ്റു സഹായങ്ങളും ചെയ്യുവാൻ പ്രാർത്ഥന ഗ്രൂപ്പ് ഡയറക്ടർ ഫാദർ ജോർജ് കുരിശുംമൂട്ടിൽ, കോ ഓർഡിനേറ്റർ ജോൺസൺ കാനത്തിൽ, സോണൽ സർവീസ് ടീം അംഗങ്ങൾ എന്നിവർ ചേർന്ന് നേതൃത്വം നൽകി.

*Director*

## കേരള ലേബർ മൂവ്മെന്റ്

*KLM 15/2020* **സാന്ത്വനം 2020**

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ നിർധനരായ പാലിയേറ്റീവ് രോഗികളുടെ കുടുംബങ്ങൾക്കായി ഒരുക്കുന്ന ആരോഗ്യ സുരക്ഷാ പദ്ധതി 'സാന്ത്വനം 2020' അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു. കേരള ലേബർ മൂവ്മെന്റ് രൂപതാപ്രസിഡന്റ് അഡ്വ. തോമസ് മാത്യു അധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വലിയതാഴത്ത് ആമുഖ സന്ദേശം നൽകി. ആനിമേറ്റർ സി. ഷീൻ മരിയ CHF, സെക്രട്ടറി അജി ജിജോ, രൂപത പാലിയേറ്റീവ് കോർഡിനേറ്റർ ആന്റണി രാജൻ മടേക്കൽ എന്നിവർ പങ്കെടുത്തു.

*KLM 16/2020* **ലേബർ ബാങ്ക്**

കോതമംഗലം രൂപത ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ കേരളത്തിനു വെളിയിൽ മറ്റു സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും താൽക്കാലികമായോ, സ്ഥിരമായോ ജോലിക്കും പഠനത്തിനുമായി താമസമാക്കിയിട്ടുള്ളവരുടെയും കോവിഡ് പശ്ചാത്തലത്തിൽ ജോലി നഷ്ടപ്പെട്ടോ ഉപേക്ഷിച്ചോ തിരികെ പോന്നവരുടെയും വിവരശേഖരണം നടത്തുന്നു. വിവിധ തൊഴിൽ മേഖലകളിൽ വൈദഗ്ധ്യവും കഴിവും തെളിയിച്ചവരുടെ കഴിവുകൾ പ്രയോജനപ്പെടുത്താനും, തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചു പോരുന്നവർക്ക് സഹായമരുളാനും ലക്ഷ്യമിട്ടാണ് ലേബർ ബാങ്ക് രൂപീകരിക്കുന്നത്. പ്രവാസി അജപാലനം കാര്യക്ഷമമാക്കാനും, രൂപതാംഗങ്ങളായ അന്യസംസ്ഥാന - വിദേശ വിശ്വാസിസമൂഹത്തിന്റെ പരസ്പര ബന്ധവും ഐക്യവും ഊട്ടിയുറപ്പിക്കാനും ഇതുവഴി സാധ്യമാകും. ലേബർ മൂവ്മെന്റിന്റെ www.klmkothamangalamdiocese.com വെബ്സൈറ്റ് വഴി ബന്ധപ്പെട്ടവർക്ക് രജിസ്ട്രേഷൻ ഫോം നേരിട്ട് ലഭ്യമാണ്. ഫാമിലി അപ്പോസ്തലേറ്റ് വാർഡ് സമിതികൾ വഴി വികാരിയച്ചൻമാരും പരമാവധി ആളുകൾ രജിസ്റ്റർ ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കുമല്ലോ.

*KLM 17/2020* **ഹോം നേഴ്സിംഗ്**

കേരളാ ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ ഹോം നേഴ്സിംഗ് മിനിസ്ട്രി ആരംഭിക്കുന്നു. ഹോം നേഴ്സായി പ്രവർത്തിക്കാൻ താൽപര്യമുള്ളവർ വികാരിയച്ചന്റെ സാക്ഷ്യപത്രം ഉൾപ്പെടെ രൂപത ലേബർ മൂവ്മെന്റ് ഓഫീസിൽ സെപ്റ്റംബർ 30-ന് മുൻപായി അപേക്ഷ സമർപ്പിക്കണം അപേക്ഷയുടെ മാതൃക അനുബന്ധമായി താഴെ കൊടുത്തിട്ടുണ്ട്. www.klmkothamangalamdiocese.com എന്ന ലേബർ മൂവ്മെന്റ് വെബ് സൈറ്റിൽ നിന്നും ഫോം ലഭ്യമാണ്.

# കോതമംഗലം രൂപത

## കേരളാ ലേബർ മൂവ്മെന്റ്

### ഹോം നേഴ്സിംഗ് മിനിസ്ട്രി അംഗത്വ ഫോറം

പേര് :
വീട്ടുപേര് :
അഡ്രസ്സ് :
ഇടവക :
വയസ്സ് :
വിദ്യാഭ്യാസം :

### ജോലിയെ സംബന്ധിച്ച വിവരങ്ങൾ

ശിശുപരിപാലനം
രോഗീശുശ്രൂഷ
ഗൃഹജോലി
പ്രസവശുശ്രൂഷ
താമസിച്ചു ജോലി ചെയ്യാൻ : തയ്യാറാണ് / അല്ല

### സത്യവാങ്മൂലം

ഞാൻ ........................................ രൂപത കെ. എൽ. എം- ന്റെ ഹോം നേഴ്സിംഗ് മിനിസ്ട്രിയുടെ നിബന്ധനകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി ആത്മാർത്ഥമായും സത്യസന്ധമായും എന്റെ ഉത്തര വാദിത്വങ്ങൾ നിർവഹിച്ചുകൊള്ളാമെന്ന് പ്രതിജ്ഞ ചെയ്യുന്നു.

സ്ഥലം പേര്
തീയതി ഒപ്പ്

### സാക്ഷ്യപത്രം

............................................................ ഇടവകാംഗമായ ........................... ...................................... വീട്ടിൽ ................................................ ന്റെ ഭാര്യ/ മകൻ/മകൾ ...................................നെ എനിക്ക് വ്യക്തിപരമായി അറി യാവുന്നതാണെന്നും രൂപതാ ഹോം നേഴ്സിംഗ് മിനിസ്ട്രിയിൽ അംഗമായി ചേർക്കാൻ അർഹതയുണ്ടന്നും ഇതിനാൽ സാക്ഷ്യപ്പെ ടുത്തുന്നു.

ഇടവക വികാരിയുടെ പേര്

ഒപ്പ്

Director

# തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Athickal Pius | **August** | 21 |
| " | Malekandathil Pius | " | 21 |
| " | Kunnappillil Augustine | " | 28 |
| " | Padinjarekutt Augustine | " | 28 |
| " | Vattakkatt Augustine | " | 28 |

# നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോർജ് ചാത്തംകോട്ട് | ചരമദിനം | 04-09-1998 |
| ഫാ. ജോർജ് കൊച്ചുപറമ്പിൽ (Sr.) | ,, | 05-09-1986 |
| ഫാ. പോൾ മേക്കുന്നേൽ | ,, | 06-09-1956 |
| ഫാ. പോൾ മണ്ഡപം | ,, | 08-09-2005 |
| ഫാ. ജോസഫ് കക്കുഴിയിൽ | ,, | 11-09-2000 |
| ഫാ. വർഗീസ് മൊതകുന്നേൽ | ,, | 13-09-2007 |
| ഫാ. ഐസക് കപ്യാരുമലയിൽ | ,, | 14-09-2005 |
| ഫാ. സെബാസ്റ്റ്യൻ മഠത്തിനാൽ | ,, | 17-09-1999 |
| ഫാ. വർഗീസ് മണിയാട്ട് | ,, | 17-09-1977 |
| ഫാ. ജോൺ വള്ളമറ്റം | ,, | 19-09-2005 |
| ഫാ. അഗസ്റ്റിൻ നന്ദലത്ത് | ,, | 22-09-2013 |
| ഫാ. പീറ്റർ കിഴക്കേടത്ത് | ,, | 22-09-2016 |
| ഫാ. സിറിയക് താഴത്തുവീട്ടിൽ | ,, | 23-09-2012 |
| ഫാ. മാത്യു വെളിയപ്പിള്ളി | ,, | 24-09-1998 |
| ഫാ. സക്കറിയാസ് തുടിയൻപ്ലാക്കൽ | ,, | 27-09-2017 |
| ഫാ. പൗലോസ് കാക്കനാട്ട് | ,, | 29-09-1975 |

# നിര്യാതരായി

## സി. സിയന്ന FCC (താന്നിക്കൽ)

| | | |
|---|---|---|
| ഇടവക | - | തൊടുപുഴ |
| ജനനം | - | 02-01-1932 |
| ആദ്യവ്രതം | - | 08-05-1956 |
| നിത്യവ്രതം | - | 11-05-1959 |
| മരണം | - | 08-07-2020 |
| മൃതസംസ്കാരം | - | 08-07-2020 (ഈസ്റ്റ് വാഴപ്പിള്ളി) |

## സി. ലെയോള SH (മാളിയേക്കൽ)

| | | |
|---|---|---|
| ഇടവക | - | ആരക്കുഴ |
| ജനനം | - | 27-06-1921 |
| ആദ്യവ്രതം | - | 10-05-1949 |
| നിത്യവ്രതം | - | 05-05-1952 |
| മരണം | - | 08-07-2020 |
| മൃതസംസ്കാരം | - | 09-07-2020 (മൈലക്കൊമ്പ്) |

## സി. മൈക്കിൾ SH (കുഴിപ്പിള്ളിൽ)

| | | |
|---|---|---|
| ഇടവക | - | കരിമണ്ണൂർ |
| ജനനം | - | 07-09-1936 |
| ആദ്യവ്രതം | - | 02-05-1958 |
| നിത്യവ്രതം | - | 02-05-1961 |
| മരണം | - | 12-07-2020 |
| മൃതസംസ്കാരം | - | 13-07-2020 (മൈലക്കൊമ്പ്) |

## സി. സിൽവാൻ SABS (താന്നിക്കൽ)

| | | |
|---|---|---|
| ഇടവക | - | പൈങ്ങോട്ടൂർ |
| ജനനം | - | 20-06-1938 |
| ആദ്യവ്രതം | - | 24-04-1962 |
| നിത്യവ്രതം | - | 24-04-1968 |
| മരണം | - | 18-07-2020 |
| മൃതസംസ്കാരം | - | 18-07-2020 (മാറിക) |

## സി. ലില്ലിയോസ CMC (നെടുമ്പുറത്ത്)

| | | |
|---|---|---|
| ഇടവക | - | നെല്ലിമറ്റം |
| ജനനം | - | 19-01-1947 |
| ആദ്യവ്രതം | - | 15-04-1965 |
| നിത്യവ്രതം | - | 30-05-1969 |
| മരണം | - | 24-07-2020 |
| മൃതസംസ്കാരം | - | 25-07-2020 (പ്രൊവിൻഷ്യൽ ഹൗസ് കോഴിപ്പിള്ളി) |

## സി. മെറ്റിൽഡ SABS (കണ്ടത്തിക്കുടിയിൽ)

| | | |
|---|---|---|
| ഇടവക | - | കൊടുവേലി |
| ജനനം | - | 30-06-1942 |
| ആദ്യവ്രതം | - | 24-04-1963 |
| നിത്യവ്രതം | - | 24-04-1967 |
| മരണം | - | 27-07-2020 |
| മൃതസംസ്കാരം | - | 27-07-2020 (മാറിക) |



St Euphrasia



St Alphonse Ligori



Transfiguration




St Dominic



St Clara



St Maximillian Kolbe



St Pius X



St Bartholomew



St Augustine

Deivarajyam August 2020

●R.N.7623/63

Registered No. KL/ALY/0020/2020-2022

Date of publication: 1/8/2020

●Posted at Thodupuzha Stg.

Annual Subscription ₹ 100.00

**Printed at Sanjo Offset Press, Kothamangalam**

**Printer & Publisher Rev. Dr. George Thekkekara**

**Bishop's House, Kothamangalam - 686 691**